വേങ്ങര ബ്ലോക്ക് പഞ്ചായത്ത്

പൗരാവകാശ രേഖ

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
വേങ്ങര പി.ഒ. 676304
ഫോൺ – 0494 **50 283**
മലപ്പുറം ജില്ല , കേരളം , ഇന്ത്യ
Email – bdovengara@gmail.com

സ്നേഹപൂർവ്വം ഒരു വാക്ക് ...



ഓരോ നാടിന്റേയും അമൂല്യമായ സമ്പത്ത് ആ നാടിന്റെ ജനതയാണ്. ഒരു വ്യക്തി തന്റെ നാടിനെ, അതിന്റെ പാരമ്പര്യത്തെ എപ്രകാരമാണോ ആത്മാഭിമാനത്തോടെ ഹൃദയത്തിലാവാഹിയ്ക്കുന്നത് എന്നതിന്നനുസരിച്ചാണ് ആ നാടിന്റെ പുരോഗതി നിർണ്ണയിയ്ക്കപ്പെടുന്നത്. ഓരോ പൗരനും തന്റെ അവകാശങ്ങളെക്കുറിച്ച് അറിവുനേടുകയും അതോടൊപ്പം തന്റെ കടമകളെക്കുറിച്ച് തിരിച്ചറിവ് നേടുകയും ചെയ്യുമ്പോഴാണ് യാഥാർത്ഥത്തിൽ നിയമം പരിപാലിയ്ക്കപ്പെടുന്നത്.

ഭരണഘടനാപരമായ സ്വാതന്ത്ര്യവും അവകാശങ്ങളും ഓരോ പൗരനും ഉറപ്പുവരുത്തുക എന്നത് ഭരണ സംവിധാനങ്ങളുടെ അനുപേക്ഷണീയമായ കടമയാണ്. ക്രിയാത്മകമായ തിരിച്ചറിവുകൾ നേടിക്കൊടുത്തു കൊണ്ട് ലക്ഷ്യപ്രാപ്തിയിലേയ്ക്കായി ലോകത്തെ മെരുക്കിയെടുക്കാൻ ഒരു ജനതയെ സജ്ജമാക്കുക എന്നതാണ് ഇത്തരം നിയമങ്ങളുടെ അന്ത:സത്ത. എന്നാൽ പരിപാലിയ്ക്കപ്പെടാത്ത , ജീവിതത്തിൽ അനുഷ്ഠിയ്ക്കപ്പെടാത്ത എല്ലാ നിയമ സംഹിതകളും ഗ്രന്ഥങ്ങളും വെറും അസ്ഥിക്കൂടങ്ങൾ മാത്രമാണ്. അവയ്ക്ക് മജ്ജയും മാംസവും രക്തവും ജീവനും നൽകുക എന്നതാണ് ഓരോ പൗരന്റേയും രാജ്യത്തോടുള്ള ആത്യന്തികമായ കടമ.

കുന്നുകളും സമതലങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കുന്ന ഒരു കാലത്താണ് നാം ജീവിയ്ക്കുന്നത്. പകയും വിദ്വേഷവും പകർച്ച വ്യാധികളെപ്പോലെ മനുഷ്യ ഹൃദയങ്ങളെ കീഴടക്കിക്കൊണ്ടിരിയ്ക്കുന്ന വല്ലാത്തൊരു കാലത്ത് ..നാമോരോരുത്തരും കമ്പോള സംസ്കാരത്തിന്നടിമപ്പെട്ട് വിഷം തിന്നുകൊണ്ടിരിയ്ക്കുന്ന വർത്തമാനകാലത്ത്, പൗരാവകാശമെന്നത് വ്യക്തിയുടേതു മാത്രം അവകാശമല്ല എന്നും മറിച്ച് സകല ചരാചരങ്ങളുടെയും ഈ പ്രകൃതിയുടേയും കൂടി അവകാശമാണ് എന്നുള്ള തിരിച്ചറിവിലേയ്ക്ക് നാം ഉണരേണ്ടതുണ്ട് .

പൗരാവകാശ സംരക്ഷണ സംവിധാനങ്ങളേയും അതോടനുബന്ധിച്ച നിയമങ്ങളേയും ബ്ലോക്ക് പഞ്ചായത്തു വഴിയും അനുബന്ധ സ്ഥാപനങ്ങൾ വഴിയും നൽകുന്ന സേവനങ്ങളേയും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ കൈപ്പുസ്തകം സ്നേഹാദരപൂർവ്വം സമർപ്പിയ്ക്കുന്നു.

ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് ..
അസത്യത്തിൽ നിന്ന് സത്യത്തിലേക്ക് ..
മരണത്തിൽ നിന്ന് അമരത്വത്തിലേക്ക് ..

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയ്ക്കു വേണ്ടി ആദരവോടെ ....

പാണ്ടിക്കടവത്ത് അബൂതാഹിർ
പ്രസിഡണ്ട്

അവതാരിക



അതിബൃഹത്തായ, ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്ര ജനാധിപത്യ രാജ്യമാണ് നമ്മുടെ നാടായ ഭാരതം. ഈ നാടിന്റെ സവിശേഷമായ ഭരണഘടനയാണ് അനേകം വൈജാത്യങ്ങൾക്കിടയിലും ഈ ജനതയെ ഒരുമിപ്പിച്ച് നിർത്തുന്നത്. രാജ്യത്തെ ഓരോ പൗരന്റെയും മൗലികമായ അവകാശങ്ങളെയും കടമകളെയും നിയമമൂലം വിശദമാക്കുകയും പരിരക്ഷിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുകയാണ്. ഭരണഘടന നൽകുന്ന ഈ ഉറപ്പ് പാലിക്കപ്പെടേണ്ടത് രാജ്യത്തിന്റെ അഖണ്ഡത നിലനിർത്തുന്നതിന് അനിവാര്യമാണ്.

സ്വാതന്ത്ര്യ ലബ്ധിയ്ക്കുശേഷം നാം പുരോഗതിയുടെ പാതയിൽ വളരെദൂരം മുന്നോട്ട് പോയിക്കഴിഞ്ഞിരിക്കുന്നു. ലോകരാഷ്ട്രങ്ങൾക്കിടയിൽ സ്വയം അടയാളപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ഏഴു പതിറ്റാണ്ടുകൾക്കിപ്പുറവും ജനതയോടുള്ള ചൂഷണവും അഴിമതിയും ദാരിദ്ര്യവും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ നമുക്കായിട്ടില്ല. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതിന് വേണ്ടി ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് ഭരണകൂടങ്ങൾ സ്ഥാപിതമായി. ഭാരതത്തിന്റെ ഭരണ ഘടനയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും പൗരന്മാരിൽ അവബോധ മുളവാക്കുക എന്നത് ത്രിതല പഞ്ചായത്തുകളുടെ അനിവാര്യമായ ചുമതലകളിൽ ഉൾപ്പെടുന്നു.

സ്വാതന്ത്ര്യമെന്നത് ഓരോ വ്യക്തിയും, പൗരനും സ്വയം ഉള്ളിലനുഭവിച്ചറിയേണ്ടതാണ്. അത് തന്നെമാത്രം ചൂഴ്ന്നു നിൽക്കുന്നതല്ല എന്നും കുടുംബവും സമൂഹവും രാജ്യവും അത് അനുഭവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക കൂടി വേണമെന്നുമുള്ള ബോധം നമ്മിലുണരുമ്പോഴാണ് യാഥാർത്ഥ്യത്തിൽ സ്വാതന്ത്ര്യമെന്നത് അന്വർത്ഥമാകുന്നത്. തന്റെ അവകാശങ്ങൾ, വിശ്വാസ പ്രമാണങ്ങൾ തനിക്കെത്രമാത്രം വിലപ്പെട്ടതാണോ അത്രമാത്രം മഹത്തരമാണ് മറ്റൊരാൾക്ക് അയാളുടെ ആശയങ്ങളും അവകാശങ്ങളുമെന്ന് തിരിച്ചറിയുന്നിടത്താണ് പൗരാവകാശം സംരക്ഷിക്കപ്പെടുന്നത്.

സകല മനുഷ്യരും സമാധാനത്തോടെ പുലരുന്ന ഒരു ദിനം, ആക്രമണങ്ങളിൽ പരിക്കേറ്റ് ആരും കൊല്ലപ്പെടാത്ത, ആശുപത്രികളിലെത്താത്ത ഒരു ദിനം, ഈ ലോകത്തിലെ എല്ലാ മനുഷ്യരും തങ്ങളുടെ ഹൃദയത്തിന്റെ നന്മയാൽ ചുറ്റുപാടുകളെ പ്രകാശ പൂരിതമാക്കുന്ന ഒരു ദിനത്തിനു വേണ്ടി പ്രത്യാശാ പൂർവ്വം പ്രാർത്ഥിച്ചു കൊണ്ട് ഈ പൗരാവകാശ രേഖ പൊതു ജനങ്ങൾക്കായി സമർപ്പിക്കുന്നു...

അനീഷ് കൊഴിഞ്ഞിലിൽ
സെക്രട്ടറി വേങ്ങര ബ്ലോക്ക് പഞ്ചായത്ത്

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പൊതുവിവരങ്ങൾ

ആസ്ഥാനം	: വേങ്ങര
ബ്ലോക്ക് നിലവിൽ വന്ന വർഷം	: 1963
ഭൂവിസ്തൃതി	: 127. 53 സ്കയർ കിലോമീറ്റർ
അതിരുകൾ	: വടക്ക് – കൊണ്ടോട്ടി ബ്ലോക്ക് കിഴക്ക് – മലപ്പുറം, കോട്ടക്കൽ മുനിസിപ്പാലിറ്റികൾ തെക്ക് – താനൂർ ബ്ലോക്ക് പടിഞ്ഞാറ് – തിരൂരങ്ങാടി, താനൂർ ബ്ലോക്കുകൾ
ജനസംഖ്യ (സെൻസസ് – 2011)	: പുരുഷൻ – 134312 സ്ത്രീ – 145675 ആകെ – 279987
ജനസാന്ദ്രത	: 1968. 84 / ച.കി.മീ
സ്ത്രീ പുരുഷ അനുപാതം	: 110 : 100
സാക്ഷരത	: 93.43
ജില്ല	: മലപ്പുറം
താലൂക്ക്	: തിരൂരങ്ങാടി

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ

1) പുകയൂർ 2) കക്കാടംപുറം 3) തോട്ടശ്ശേരിയറ 4) അച്ചനമ്പലം 5) ചേറൂർ 6) കുറ്റാളൂർ 7) കാരാത്തോട് 8) എടയാട്ട് പറമ്പ് 9) പാലാണി 10) പറപ്പൂർ 11) എടരിക്കോട് 12) പുതുപ്പറമ്പ് 13) വാളക്കുളം 14) തെന്നല 15) കച്ചേരിപ്പടി 16) വേങ്ങര 17) കുറ്റൂർ 18) വി കെ പടി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകൾ

1) ഏ. ആർ നഗർ, 2) എടരിക്കോട്. 3) കണ്ണമംഗലം, 4) ഊരകം 5) പറപ്പൂർ, 6) തെന്നല, 7) വേങ്ങര

ആകെ ഗ്രാമ പഞ്ചായത്ത് വാർഡുകൾ –

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ലോക സഭാ മണ്ഡലങ്ങളും എം .പി മാരും

1) മലപ്പുറം – ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ
2) പൊന്നാനി – ശ്രീ. എം.പി അബ്ദുസമദ് സമദാനി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നിയമസഭാ മണ്ഡലങ്ങളും എം.എൽ.എ മാരും

1) വേങ്ങര – ശ്രീ. കെ.എം ഷാജി

2) തിരൂരങ്ങാടി – ശ്രീ. പി.എം.എ സമീർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ജില്ലാ പഞ്ചായത്ത് മെമ്പർമാർ

1) വേങ്ങര – ശ്രീ പി.കെ അസ്‌ലു. 2) കുറ്റാളൂർ – ശ്രീ ഷരീഫ് കുറ്റൂർ, 3) എടരിക്കോട് – ശ്രീമതി. യാസ്മിൻ അരിമ്പ്ര

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാർ

ക്രമ നം	പേര്	ഗ്രാമ പഞ്ചായത്ത്	മൊബൈൽ നമ്പർ
1	ശ്രീമതി. ലൈല പുല്ലണി	ഏ. ആർ നഗർ	9048448959
2	ശ്രീമതി. റൈഹാന ബീഗം	എടരിക്കോട്	9947419970
3	ശ്രീമതി. സമീറ പുളിക്കൽ	കണ്ണമംഗലം	9847412128
4	ശ്രീമതി. സഫറീന	ഊരകം	8086283206
5	ശ്രീ. മുഹമ്മദ് പറമ്പത്ത്	പറപ്പൂർ	9847666840
6	ശ്രീ. ഷരീഫ് വടക്കയിൽ	തെന്നല	9895449689
7	ശ്രീ. അബ്ദുൽ നാസർ എൻ ടി	വേങ്ങര	9447480320

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 2025 – 30

ക്രമ നം	പേര്	ഔദ്യോഗിക സ്ഥാനം	ഡിവിഷന്റെ നമ്പറും പേരും	മൊബൈൽ നമ്പർ
1	പാണ്ടിക്കടവത്ത് അബു താഹിർ	പ്രസിഡണ്ട്	7. കാരാത്തോട്	9847006047
2	ജൂസൈറ	വൈസ് പ്രസിഡണ്ട് (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)	18. വി കെ പടി	9947464774
3	അബ്ദു സലാഹ് (പി.ടി സലാഹ്)	വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയപേഴ്സൺ	14. തെന്നല	9947638925
4	സുലൈഖ മജീദ്	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയപേഴ്സൺ	2. കക്കാടംപുറം	9567501619
5	സുബൈർ മാസ്റ്റർ	ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി ചെയപേഴ്സൺ	8. എടയാട്ട് പറമ്പ്	9744955985
6	സഫൂറ	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	1. പുകയൂർ	9645815796
7	ഹസീന	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	3. തോട്ടശ്ശേരിയറ	9747298768
8	ഖദീജ	വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	4. അച്ചനമ്പലം	9961213120
9	ദേവദാസൻ	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	5. ചേറൂർ	9847776959
10	സയ്യിദ് അബ്ദുള്ള മൻസൂർ (മൻസൂർ തങ്ങൾ)	വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	6. കുറ്റാളൂർ	9847394442
11	ഷംലത്ത് കവറൊടി	വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	9. പാലാണി	6282415115
12	റസിയ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	10. പറപ്പൂർ	9846989189
13	വി.ടി സുബൈർ തങ്ങൾ	ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	11. എടരിക്കോട്	9846264499
14	അബ്ദുൽ റസാഖ് പാടഞ്ചേരി	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	12. പുതുപ്പറമ്പ്	9745925464

15	അബ്ദുൽ നാസർ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	13. വാളക്കുളം	9207222261
16	അബ്ദുൽ മജീദ്	ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	15. കച്ചേരിപ്പടി	9895066085
17	ഷഹർബാൻ എ കെ നാസർ	ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	16. വേങ്ങര	7510285122
18	ഷീജ ചന്ദ്രൻ നെച്ചിക്കാടൻ	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം	17. കുറ്റൂർ	9744404667

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ജീവനക്കാർ

ക്രമ നം	പേര്	തസ്തിക	മൊബൈൽ നമ്പർ
1	അനീഷ് കെ	സെക്രട്ടറി	8281040620
2	സന്തോഷ് പി.കെ	ജോയിന്റ് ബി.ഡി.ഒ	9496364722
3	In Charge	ഹെഡ് ക്ലർക്ക്	9605724001
4	പ്രശാന്ത് ആർ	ഹെഡ് അക്കൗണ്ടന്റ്	9633869119
5	സക്കീർ ഹുസൈൻ കെ	ഇ.ഒ (പി & എം)	9495324528
6	കരുണാകരൻ സി	ഇ.ഒ (ഹൗസിംഗ്)	9605724001
7	പ്രവീൺ	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	9946530530
8	ജിന്ദപ്	ഇ.ഒ (വനിതാ വികസനം)	7012243700
9.	രഞ്ജിത്ത് യു	സീനിയർ ക്ലർക്ക്	9747986123
10	വിനീഷ് എം	സീനിയർ ക്ലർക്ക്	9744718066
11	റെജി	ക്ലർക്ക്	8606012887
12	ദീപ ഇ എസ്	എൽ ഡി ടൈപ്പിസ്റ്റ്	9497634839
13	മൊഹമ്മദ് കൊളമ്പിൽ	ഡ്രൈവർ	9656478245

14	ഇബ്രാഹിം കുട്ടി ഐ .കെ	ഡ്രൈവർ (പ്രസിഡണ്ട്)	9072203060
15	അഷ്റഫ് എം	ഓഫീസ് അറ്റൻഡൻറ്	9744634674
16	സുരേഷ് കുമാർ കെ.പി	ഓഫീസ് അറ്റൻഡൻറ്	9846299939
17	ഇൻസാന ഫർഹത്ത് എം	പ്രൊജക്ട് അസിസ്റ്റൻറ്	8848944250
19	ഷാഹിന തറയിൽ	RGSA കോ ഓർഡിനേറ്റർ	9526917753

VB-G RAM G (Viksit Bharat – Guarantee for Rozgar and Ajeevika Mission [Gramin])			
1	പ്രശാന്ത് എം	അക്രഡിറ്റഡ് എഞ്ചിനീയർ	8281468568
2	സാജിത കെ.ടി	അക്കൗണ്ടൻറ് കം ഐ.ടി അസിസ്റ്റൻറ്	9847424377

ഗ്രാമ പഞ്ചായത്തുകളിൽ ചുമതലയുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ				
ക്രമനം	**പേര്**	**തസ്തിക**	**ചുമതലയുള്ള ഗ്രാമ പഞ്ചായത്തും സർക്കിളും**	**മൊബൈൽ നമ്പർ**
1	ഷാഫി കെ ടി	VEO Gr II	ഏ ആർ നഗർ (ഏ ആർ നഗർ സർക്കിൾ)	9645420479
	In Charge		ഏ ആർ നഗർ (കുന്നുംപുറം സർക്കിൾ)	9645420479
2	അമൽനാഥ് ടി.കെ	VEO Gr II	എടരിക്കോട് (എടരിക്കോട് സർക്കിൾ)	9995344295
	സുമി എ	VEO Gr II	എടരിക്കോട് -(പുതുപ്പറമ്പ് സർക്കിൾ)	9847539307
3	സനിത പൂവത്തും പറമ്പിൽ	VEO Gr I	കണ്ണമംഗലം (കണ്ണമംഗലം സർക്കിൾ)	9656400371
	In Charge	VEO Gr I	കണ്ണമംഗലം (ചേറൂർ സർക്കിൾ)	9656400371

4	ഉണ്ണി എം	VEO Gr II	ഊരകം (ഊരകം സർക്കിൾ)	9747668471
	സുബിൻ എം ആൻറണി	VEO Gr I	ഊരകം (കുറ്റാളൂർ സർക്കിൾ)	9847344972
5	ഹസീനാബി കെ	VEO Gr II	പറപ്പൂർ (പറപ്പൂർ ഡിവിഷൻ)	9947043593
	In Charge	VEO Gr II	പറപ്പൂർ (ഇരിങ്ങല്ലൂർ ഡിവിഷൻ)	9947043593
6	സോജിത്ത് കെ പി	VEO Gr II	തെന്നല (തെന്നല ഡിവിഷൻ)	9562118016
	In Charge	VEO Gr II	തെന്നല (വാളക്കുളം ഡിവിഷൻ)	9562118016
7	നിമിഷ കെ	VEO Gr II	വേങ്ങര (വേങ്ങര ഡിവിഷൻ)	9947549716
	രാഹുൽ ആർ	VEO Gr II	വേങ്ങര (കുറ്റാളൂർ ഡിവിഷൻ)	9544828104

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് താഴെ പറയുന്ന സ്ഥാപനങ്ങൾ കൈമാറിക്കിട്ടിയിട്ടുണ്ട്.

1) ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വേങ്ങര
2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, എൽ എസ് ജി ഡി സബ് ഡിവിഷൻ വേങ്ങര
3) കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, വേങ്ങര
4) ശിശുവികസന പദ്ധതി ഓഫീസ് വേങ്ങര
5) ശിശുവികസന പദ്ധതി ഓഫീസ് വേങ്ങര അഡീഷണൽ (എടരിക്കോട്)
6) പട്ടികജാതി വികസന ഓഫീസ് , വേങ്ങര
7) ക്ഷീര വികസന ഓഫീസ്, വേങ്ങര
8) വ്യവസായ വികസന ഓഫീസ്, വേങ്ങര
9) സാമൂഹികാരോഗ്യ കേന്ദ്രം, വേങ്ങര

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ

ക്രമ നം	പേര്	തസ്തിക	മൊബൈൽ നമ്പർ
1	അനീഷ് കൊഴിഞ്ഞിലിൽ	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്	8281040620
2	ഷനൂപ് എം. ജി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD സബ് ഡിവിഷൻ, വേങ്ങര)	9744145428
3	സജിൻ കെ	അസിസ്റ്റന്റ് എഞ്ചിനീയർ (LSGD സബ് ഡിവിഷൻ), വേങ്ങര	8129259401
4	ജൈസൽ ബാബു	കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വേങ്ങര	8921233417
5	മൈമൂന കെ	ശിശു വികസന പദ്ധതി ഓഫീസർ, ICDS വേങ്ങര	9061069535
6	ബിന്ദു ടി കെ	ശിശു വികസന പദ്ധതി ഓഫീസർ, ICDS വേങ്ങര അഡീഷണൽ	9847055370
7	ആതിര എൻ	പട്ടികജാതി വികസന ഓഫീസർ, വേങ്ങര	8157806537
8	നിഷിദ എൻ പി	ക്ഷീര വികസന ഓഫീസർ, വേങ്ങര	9495920927
9	ജയശ്രീ	വ്യവസായ വികസന ഓഫീസർ, വേങ്ങര	9495291353
10	ഡോ : ഷാജി അറക്കൽ	മെഡിക്കൽ ഓഫീസർ, CHC വേങ്ങര	9447329015

വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും വിവരണം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വേങ്ങര

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വിവരാവകാശ നിയമത്തിൻറെ അപ്പീൽ അധികാരി, VB-G RAM G പദ്ധതിയുടെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി യുടെ നിയമ ഉപദേശകൻ, എന്നീ ചുമതലകൾ വഹിക്കുന്നു

ജോയിൻറ് ബി.ഡി.ഒ. (ഇ.ജി.എസ്)

1. VB-G RAM G പദ്ധതിയുടെ ചുമതല. 2. ബ്ലോക്ക്തല വിജിലൻസ് കമ്മിറ്റിയുടെ ചുമതല. 3. ബ്ലോക്ക് പഞ്ചായത്ത് മുഖേന കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധ തികളുടേയും മേൽനോട്ട ചുമതല. 4. ബി.പി.ഒ യുടെ അഭാവത്തിൽ മസ്റ്റർറോൾ വിതരണം. 5. ബ്ലോക്ക് തല വർക്കിംഗ് ഗ്രൂപ്പ് അംഗം 6. കണ്ണമംഗലം, എടരിക്കോട് ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പബ്ലിക്ക്ഹിയറിംഗ് ഓഫീസർ, , VB-G RAM G മെറ്റീരിയൽ പ്രൊക്യൂവർ മെൻറ് കമ്മിറ്റി അംഗം. 7. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റ ചുമതലകൾ.

എക്സ്റ്റൻഷൻ ഓഫീസർ (പി & എം)

1. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി നടത്തിപ്പ്, ഭരണ സമിതി അജണ്ട. ഹാജർ, മിനിട്സ്, തീരുമാന രജിസ്റ്റർ എന്നിവ കെ സ്മാർട്ട് സോഫ്റ്റവെയർ മുഖാന്തിരം തയ്യാറാക്കൽ. 2.ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, മെയിൻറനൻ സ് രജിസ്റ്റർ എന്നിവ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കൽ. 3. ജില്ലാ -സംസ്ഥാനതല മീറ്റിംഗുകള മായി ബന്ധപ്പെട്ട ആവശ്യമായ റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പി ക്കൽ. 4. ബി.ഡി.ഒ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം സ്റ്റാഫ് മീറ്റിം ഗുകൾ വിളിച്ച ചേർക്കലും യഥാസമയം മിനിട്സ് തയ്യാറാക്കി സൂക്ഷിക്കലും, ജില്ലാ ഓഫീസി ലേക്ക് അയച്ച നൽകലും. 5. വി.ഇ.ഒ മാരുടെ അഡ്വാൻസ് ടൂർ പ്രോഗ്രാം, ടൂർ ഡയറികൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കലും സൂക്ഷിക്കലും. 6. വിവിധ പദ്ധതികളോടനു ബന്ധിച്ച് ഡാറ്റാ എൻട്രി (എം ഐ.എസ്) ചുമതല. 7. ബ്ലോക്ക് തലത്തിൽ നടത്തുന്ന വിവിധ യോഗങ്ങളുടെ മിനിട്സ് എഴുതി തയ്യാറാക്കൽ. 8. ബ്ലോക്ക് പഞ്ചായത്തിൻറെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മേൽ നോട്ട ചുമതല വഹിക്കൽ 9. ബ്ലോക്ക് പഞ്ചായത്ത് മുഖേന വേങ്ങര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ട ചുമതല. 10. ബ്ലോക്ക്തല വിജിലൻസ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗം. വേങ്ങര ഗ്രാമപഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് പബ്ലിക്ക് ഹിയറിംഗ് ഓഫീസർ, , VB-G RAM G മെറ്റീരിയൽ പ്രൊക്യൂർ മെൻറ് കമ്മിറ്റി അംഗം 12. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കാലാകാലങ്ങളിൽ ഏൽപ്പി ക്കുന്ന മറ്റ ചുമതലകൾ

എക്സ്റ്റൻഷന് ഓഫീസർ (ഹൗസിംഗ്)

1.ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ ബ്ലോക്ക്തല മേൽനോട്ട ചുമതല. 2. ഗ്രാമപഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതികളുടെ വെറ്റിംഗിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ 3. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിപ്പ്, മിനിട്സ് തയ്യാറാക്കൽ ചുമതല. 4 ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകളുടെ മോണിറ്ററിംഗ്, സെക്രട്ടറിക്ക് വേണ്ടി പുരോഗതി വിലയിരുത്തൽ. 5 ബ്ലോക്ക്

തല പ്രോക്യൂർമെൻറ് കമ്മിറ്റി നടത്തിപ്പും, മിനിട്സ് തയ്യാറാക്കലും. 6 ബ്ലോക്ക്പഞ്ചായത്ത് മുഖേന തെന്നല, പറപ്പൂർ ഗ്രാമപഞ്ചായത്തുള്ളിൽ നടപ്പിലാ ക്കുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ട ചുമതല. 7 തെന്നല, പറപ്പൂർ ഗ്രാമപഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് പബ്ലിക്ക് ഹിയറിംഗ് ഓഫീസർ, VB-G RAM G മെറ്റീരിയൽ പ്രൊക്യൂവർ മെന്റ്റ് കമ്മിറ്റി അംഗം. 8 ബ്ലോക്ക്തല വിജിലൻസ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് അംഗം. 9 ഇ.പി.ഐ.പി (അതിദാരിദ്ര്യ നിർമ്മാർജ്ജനം), ലൈഫ് പദ്ധതികളുടെ ബ്ലോക്ക് കോ ഓർഡിനേറ്റർ 10 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു ചുമതലകൾ.

ജനറൽ എക്സ്റ്റൻഷൻ ഓഫിസർ

1.ബ്ലോക്ക് പഞ്ചായത്തിൻറെ എല്ലാ പൊതു പരിപാടികളുടേയും ചുമതല. 2. ബ്ലോക്ക് പ്ലാൻ അസിസ്റ്റൻറ് കോ ഓർഡിനേറ്റർ 3. മാലിന്യമുക്ത നവകേരളം ക്യാമ്പയിനിൻറെ (സമ്പൂർണ്ണ ശുചിത്വയജ്ഞം ഉൾപ്പെടെ) ബ്ലോക്ക് തല കോ ഓർഡിനേറ്റർ. 4. ഗ്രാമപഞ്ചായത്ത് പദ്ധതി കളുടെ വെറ്റിംഗ് ഓഫീസർ. 5. എം.സി.എഫ് കളുടെ ഏകോപന ചുമതല. 6. ബ്ലോക്ക് തല കാമ്പയിൻ സെക്രട്ടറിയേറ്റിൻറെ ചാർജ്ജ് ഓഫീസർ, മിനിട്സ് തയ്യാറാക്കൽ, പഞ്ചായത്ത് ഹരിത കർമ്മസേനയുടെ മോണിറ്ററിംഗ്. 7. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നടത്തിപ്പും, മിനിട്സ് തയ്യാറാക്കലും 8 വികസന മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗും, സെക്രട്ടറിക്ക് വേണ്ടി പുരോഗതി വിലയിരുത്തലും ഏകോപനവും. 9 ഓഫീസിൽ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കൽ. 10 ദേശീയ സമ്പാദ്യ പദ്ധതിയുടെ ബ്ലോക്ക്തല ചുമതല. 11 കേരളോത്സവം ബ്ലോക്ക്തല ചുമതല. 12 ബ്ലോക്ക് ജനറൽ സ്റ്റോക്ക് രജിസ്റ്ററിൻറെ ചുമതല, ആസ്തികളുടെ ചുമതല 13. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു ചുമതലകൾ.

എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)

1. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള ബ്ലോക്ക്തല ജാഗ്രത സമിതി ചുമതല 2. SHG, വനിതാ സംരംഭ പദ്ധതികൾ എന്നിവയുടെ മേൽനോട്ട ചുമതല 3. , VB-G RAM G പദ്ധതിയുടെ ഡോക്യുമെൻറേഷൻ ചുമതല, എല്ലാ മാസവും ബ്ലോക്ക് പരിധിയിലെ ഓരോ പഞ്ചായത്തിലും നടപ്പാക്കിയ മികച്ച 5 പദ്ധതികളുടെ ഫോട്ടോയും ചെറുവിവരണവും ശേഖരിക്കേണ്ടതും അവയിലെ ഏറ്റവും മികച്ച ? പ്രവർത്തികൾ തിരഞ്ഞെടുത്ത് എല്ലാ മാസവും 10 തീയതിക്കകം ജില്ലയിലേയിക്ക് സമർപ്പിക്കേണ്ടതുമാണ്. 4. വിപണന മേളകൾ, ഇടിസി ടെയിനിംഗ് എന്നിവയുടെ പൂരനല 5. ക്ഷേമകാര്യ സ്റ്റാൻഡിക് കമ്മിറ്റി നടത്തിപ്പും മിനിട്സ് തയ്യാറാക്കലും 6. ക്ഷേമകാര്യ മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിൻറെ പദ്ധതി കളുടെ മോണിറ്ററിംഗും സെക്രട്ടറിക്ക് വേണ്ടി പുരോഗതി വിലയിരുത്തലും, ഏകോപനവും 7. സാഗി, പി.എം.കെ.എസ്.വൈ പദ്ധതികളുടെ ബ്ലോക്ക്തല ചുമതലകൾ 8. ബ്ലോക്ക് പഞ്ചാ യത്ത് മുഖേന ഊരകം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും മേൽ നോട്ട ചുമതല 9. ഊരകം ഗ്രാമപഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റ് പബ്ലിക്ക് ഹിയറിംഗ് ഓഫീസർ VB-G RAM G മെറ്റീരിയൽ പ്രൊക്യൂവർമെന്റ് കമ്മിറ്റി 10. ബ്ലോക്ക് തല വിജിലൻസ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് അംഗം, 11. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു ചുമതലകൾ

ഹെഡ് ക്ലർക്ക്

ഖജനാവ്, സെക്യൂരിറ്റി രജിസ്റ്റർ, കണക്കുകളുടെയും ഫയലുകളുടെയും മേൽനോട്ടം, ഹാജർ പട്ടിക, ഓഫീസ് ജീവനക്കാരുടെ ചുമതലകള് ക്രമീകരിക്കൽ, വിവരാവകാശ നിയമത്തിൻറെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, മൂവ്മെൻറ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഓഫീസ്

ഉത്തരവ് രജിസ്റ്റർ, എ.ജി. ഓഡിറ്റ് (ബി.ഡി.ഒ), എ.ജി. ഓഡിറ്റ് (സെക്രട്ടറി), ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് ഇവയിലുള്ള മേൽനോട്ട ചുമതലകൾ.

ഹെഡ് അക്കൌണ്ടൻറ്

എല്ലാ അക്കൗണ്ടുകളും ഫണ്ടുകളും കൈകാര്യം ചെയ്യൽ, ചെക്ക് ബുക്കുകൾ, ചെക്ക് ഇഷ്യു രജിസ്റ്ററുകൾ , സാംഖ്യ ക്യാഷ് ബുക്ക് , രശീത് ബുക്ക്,ചലാൻ,സ്റ്റോക്ക് രജിസ്റ്റർ, ഡി.ഡി രജിസ്റ്റർ, എ.സി.ആർ,ആസ്തി രജിസ്റ്റർ,വാർഷിക ധനകാര്യ പത്രിക,ബജറ്റ് , ട്രഷറി/ബാങ്ക് റീക്കൺസിലേഷൻ, അലോട്ട്മെൻറ്, വരുമാനികുതി, വാണിജ്യ നികുതി റിട്ടേൺ എന്നിവയുടെ ചുമതലകൾ. ജനകീയാസൂത്രണ ബ്ലോക്ക് തല അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ

എ സെക്ഷൻ

ജീവനക്കാര്യം, ഓഡിറ്റ്, (എ ജി / സ്റ്റേറ്റ് / പെർഫോമൻസ്) ഇൻകം ടാക്സ് ഇ-ഫയലിംഗ്, ഇലക്ഷൻ (തദ്ദേശം / ലോക്സഭ / നിയമസഭ) പി.എം.കെ.എസ്.വൈ, സെൻസസ്, കരുതലും കൈത്താങ്ങും, വിവരാവകാശം, പൊതുജന പരാതി പരിഹാരം, സി.എം.ഒ പരാതി പരിഹാരം, നിയമസഭാ ചോദ്യം

ബി സെക്ഷൻ

ബ്ലോക്ക് പഞ്ചായത്ത് വികസന പദ്ധതി, ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്, ഹെൽത്ത് ഗ്രാൻറ്, എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട്, എം.പി മാരുടെ പ്രാദേശിക വികസന വികസന പദ്ധതി, പി.എം.ജി.എസ്.വൈ, നബാർഡ്, ജി.എസ്.ടി, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

സി സെക്ഷൻ

ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട്, പി.എം.എ.വൈ / ലൈഫ് ഭവന പദ്ധതി, സമ്പൂർണ്ണ ശുചിത്വം, എം.ജി.എൻ.ആർ.ഇ.ജി.എസ്, അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി, ദേശീയ സമ്പാദ്യ പദ്ധതി, സ്റ്റേഷനറി, കേരളോത്സവം, പലവക തപാലുകൾ, വിവിധ സാക്ഷ്യ പത്രങ്ങൾ, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഫെയർ കോപ്പി സെക്ഷൻ

ഓഫീസിലെ ടൈപ്പിംഗ് ജോലികൾ, കെ സ്മാർട്ട്, സി.ആർ.യു, ഫെയർ കോപ്പി, തപാൽ വിതരണം, തപാലുകൾ സമയബന്ധിതമായി അയക്കൽ. ഇ മെയിൽ, റിക്കോർഡ് റൂം ചുമതല

ഡ്രൈവർ

ബ്ലോക്ക് പഞ്ചായത്തിൻറെ ഓഫീസ് വാഹനം ഓടിക്കുന്നതിനുള്ള ചുമതല, ലോഗ് കൃത്യമായി എഴുതി സൂക്ഷിക്കുക, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഭരണ സമിതിയും സമയാ സമയങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ

ഓഫീസ് അറ്റൻറൻറ്
ഓഫീസ് അറ്റൻഡൻറ്, ഓഫീസ് കാര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിനേയും, സെക്രട്ടറിയേയും മറ്റു ജീവനക്കാരേയും സഹായിക്കുന്നു.

പ്രൊജക്ട് അസിസ്റ്റൻറ്

ഇ ഗ്രാം സ്വരാജ് , ഹെൽത്ത് ഗ്രാൻറ് , വാർഷിക പദ്ധതി പ്രവർത്തനങ്ങളിൽ സഹായിക്കുക എന്നീ ചുമതലകൾ

RGSA കോ ഓഡിനേറ്റർ

1.ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട എല്ലാ കേന്ദ്ര /സംസ്ഥാന സർക്കാർ പദ്ധതികളുടെയും, പരിപാടികളുടെയും സുഗമമായ നിർവ്വഹണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുക.2. വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികളുടെ നിർവ്വഹണ വിശകലനം സമയബന്ധിതമായി നടത്തുകയും ബന്ധപ്പെട്ട ഓഫീസിൽ /ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്യുക. 3. ത്രിതല പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടേയും വെബ്സൈറ്റുകൾ സമയബന്ധിതമായി പരിശോധിക്കുകയും, അപ്ഡേറ്റ് ചെയ്തിട്ടുള്ള വിവരങ്ങൾ വിശകലനം ചെയ്യുകയും പോരായ്മകൾ ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അത് സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുക. 4. ബ്ലോക്ക്/ഗ്രാമപഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുന്ന എല്ലാ തരത്തിലുമുള്ള പരിശീലന പരിപാടികൾക്കും ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുക. ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും പരിശീലനം നൽകേണ്ട മേഖലകൾ കണ്ടെത്തുകയും കില നിയമിച്ചിട്ടുള്ള RGSA ജില്ലാകോർഡിനേറ്ററുമായി ബന്ധപ്പെട്ട് പ്രസ്തുത പരിശീലന പരിപാടികൾ സമയബന്ധിതമായി സംഘടിപ്പിക്കുകയും ചെയ്യുക. 5. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളുടേയും അടിസ്ഥാന വിവരങ്ങൾ (Data) കൃത്യമായി ശേഖരിച്ച് അവ കാലികമാക്കി സൂക്ഷിക്കുക. ഒരു ഡാറ്റാ ബാങ്ക് ക്രമേണ സൃഷ്ടിക്കുക. പ്രസ്തുത വിവരങ്ങൾ വിശകലനം ചെയ്യുകയും അതോടൊപ്പം അവ കൃത്യമായി ഡോക്യുമെന്റ് ചെയ്യുകയും ചെയ്യുക. 6. ദേശീയ പഞ്ചായത്ത് അവാർഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഗ്രാമ /ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് ആവശ്യമായ സഹായം ചെയ്യുക. 7. ജില്ലാ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന വിവിധ വിവരങ്ങൾ യഥാസമയം ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും പോരായ്മകൾ ജില്ലാ അധികാരികളെ അറിയിക്കുകയും ചെയ്യുക.8. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന വിവിധ പരിപാടികളുടെ ഡോക്യുമെന്റേഷൻ ഉറപ്പുവരുത്തേണ്ടതും അതിനനുസരണമായി ബ്ലോക്ക്തലത്തിൽ ഒരു ഡാറ്റാബേസ് (Document Data Bank) ഉണ്ടാക്കേണ്ടതുമാണ്.

VB-G RAM G **അസിസ്റ്റൻറ് എഞ്ചിനീയർ**

VB-G RAM G **ഐടി അസിസ്റ്റൻറ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ**

പാർട്ട് ടൈം സ്വീപ്പർ

ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ,
എൽ.എസ്.ജി ഡി സബ് ഡിവിഷൻ , വേങ്ങര

വേങ്ങര ബ്ലോക്ക് പഞ്ചായത്തിനും അതിനു കീഴിലുള്ള ഏഴ് ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകലാണ് ഈ ഓഫീസിന്റെ പ്രാഥമിക കർത്തവ്യം. ബ്ലോക്ക് പഞ്ചായത്ത് മെയിൻ ബ്ലോക്കിന്റെ തെക്കു ഭാഗത്തായിട്ടാണ് ഈ ഓഫീസ് പ്രവർത്തിക്കുന്നത്. വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ

വാർഷിക പദ്ധതികൾ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ, മലപ്പുറം എം.പി യുടെ പ്രാദേശിക വികസന പദ്ധതികൾ, തിരുരങ്ങാടി, വേങ്ങര നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ മാരുടെ പ്രാദേശിക വികസന പദ്ധതികൾ, അവരുടെ ആസ്തി വികസന പദ്ധതികൾ, ബജറ്റ് പദ്ധതികൾ, എസ്.സി കോർപ്പസ് പദ്ധതികൾ, മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർ നിർമ്മാണ പദ്ധതി മുതലായവയാണ് ഈ സ്ഥാപനം വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

ക്രമ നം	**പേര്**	**തസ്തിക**	**മൊബൈൽ നമ്പർ**
1	ഷനൂപ് എം.ജി	അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	9744145428
2	സജിൻ കെ	അസിസ്റ്റൻറ് എഞ്ചിനീയർ	8129259401
3	മൻസൂർ അലി പി.കെ	ഓവർസിയർ ഗ്രേഡ് I	9447627123
4	ഓവർസിയർ ഗ്രേഡ് II	യൂസുഫലി ഇ.കെ (താൽക്കാലിക നിയമനം)	9544091859
5	ക്ലർക്ക്	ഫൗസിയ പി.കെ	7907955807
6	ടൈപ്പിസ്റ്റ്	ഊർമിള സി	8089185639
7	ഓഫീസ് അറ്റൻറഡൻറ്	(സരിത പി.)	9947848126
8	ഡ്രൈവർ	അക്ബർ (കരാർ നിയമനം)	

ചുമതലകൾ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ബ്ലോക്ക് പഞ്ചായത്തിൻറെയും ബ്ലോക്ക് പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിയന്ത്രണാധികാരി എന്ന നിലയിലാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവർത്തിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തിലേയും വിവിധ സ്കീമുകളിൽ നടപ്പിലാക്കി വരുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാങ്കേതിക പരിശോധന നടത്തുന്നതും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം നൽകുകയും ഉദ്യോഗസ്ഥരെ നയിക്കുകയും ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 30 ലക്ഷം വരെയുള്ള വാർഷിക പദ്ധതികളുടെ സാങ്കേതികാനുമതിയും, വെറ്റിംഗും , അംഗീകാരവും നല്കി നിർവ്വഹണം നടത്തുകയും , 15 ലക്ഷം വരെയുള്ള ബ്ലോക്ക്, ഗ്രാമ വാർഷിക പദ്ധതികൾ ഒഴികെയുള്ള മറ്റ പദ്ധതികളുടെ

സാങ്കേതികാനുമതിയും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളുടെയും എസ്.സി കോർപ്പസ് പദ്ധതികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നീ ചുമതലകളും വഹിയ്ക്കുന്നു.

ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ പ്രാഥമിക ഫിറ്റ്നസ്സ് നൽകുന്നത് അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയാണ്. അസിസ്റ്റന്റ് എഞ്ചിനീയർമാർ തയ്യാറാക്കുന്ന സർവ്വേ & വാല്യുവേഷൻ റിപ്പോർട്ടുകൾ, റെന്റ് ഫിക്സേഷൻ മുതലായവയുടെ അംഗീകാരം നൽകുന്നതും അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയറാണ്. വിവരാവകാശ നിയമ പ്രകാരം ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അപ്പലേറ്റ് അതോറിറ്റിയായാണ് അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ പ്രവർത്തിക്കുന്നത്.

അസിസ്റ്റൻറ് എഞ്ചിനീയർ

(സജിൻ കെ.) 8129259401

ബ്ലോക്ക് പഞ്ചായത്തിൻറെ 30 ലക്ഷം വരെ യുള്ള പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ , ബ്ലോക്ക് പഞ്ചായത്തിൻറെ മുഴുവൻ പദ്ധതികളുടെയും, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളുടെയും, ബ്ലോക്ക് സെക്രട്ടറി നിർവ്വഹണം നടത്തുന്ന എം.പി ലാഡ്സ്, എം.എൽ.എ എസ് .ഡി .എഫ്, അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന എസ്.സി കോർപ്പസ് പദ്ധതി, എക്സ്ക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന എം.എൽ.എ എ.ഡി. എസ് പദ്ധതികൾ എന്നിവയുടെ എസ്റ്റിമേറ്റ് തയാറാക്കുക, മേൽനോട്ടം വഹിയ്ക്കുക , പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുക, ബില്ലുകള് തയ്യാറാക്കുക എന്നീ ചുമതലകൾ വഹിയ്ക്കുന്നു. വിവിധ സ്കീമുകളിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ ക്ഷണിക്കുക, ടെണ്ടർ തുറന്ന് പരിശോധിക്കുക മുതലായവും എഞ്ചിനീയറുടെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ പ്രവർത്തിക്കുന്നത്.

ഡ്രാഫ്റ്റ്സ്മാൻമാർ

1. **ഓവർസിയർ ഗ്രേഡ് I**

(മൻസൂർ അലി പി.കെ) 9447627123

1,അസിസ്റ്റൻറ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകേണ്ടതും അംഗീകാരത്തിനായി മുകൾ തട്ടിലുള്ള ഓഫീസിലേക്ക് അയക്കേണ്ടതുമായ പൊതുമരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, ടെണ്ടർ, ബില്ല് എന്നിവയുടെ സാങ്കേതിക പരിശോധന. പ്രസ്തുത പ്രവർത്തികളുടെ ലെവൽ ഫീൽഡ് ബുക്കുകളുടെയും ക്വാണ്ടിറ്റി കാൽക്കുലേഷനുകളുടെയും സാങ്കേതിക പരിശോധനയും സി.ടി.ഇ ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോമുകൾ തയ്യാറാക്കലും രജിസ്റ്ററിൽ ചേർക്കലും.

2,അസിസ്റ്റൻറ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകേണ്ടതും അംഗീകൃത്തിനായി മുകൾ തട്ടിലുള്ള ഓഫിസിലേക്ക് അയക്കേണ്ടതുമായ സർവ്വേ റിപ്പോർട്ട്, റെന്റ് ഫിക്സേഷൻ എന്നിവയുടെ സാങ്കേതിക പരിശോധന.

3.അസിസ്റ്റൻറ് എക്സ്ക്യൂട്ടീവ് എൻജിനീയറും അസിസ്റ്റൻറ് എൻജിനീയറും നിർവഹണ ഉദ്യോഗസ്ഥർ ആയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ തയ്യാറാക്കലും രജിസ്റ്ററിൽ ചേർക്കലും.

2. ഓവർസിയർ ഗ്രേഡ് II

(യൂസുഫലി ഇ.കെ) 9544091859

നിർവ്വഹണ പദ്ധതികളിൽ അസിസ്റ്റന്റ് എഞ്ചിനീയറെ സഹായിക്കലാണ് ഓവർസിയറുടെ പ്രധാന ചുമതല. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയുള്ള പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും പ്രവൃത്തികളുടെ സൂപ്പർവിഷനും ടെണ്ടർ നടപടികളും.

3. ക്ലർക്ക്

(ഫൗസിയ പി.കെ) 7907955807

എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസിലേയും ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയില് വരുന്ന ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെയും ജീവനക്കാരുടെ വേതന, സേവന കാര്യങ്ങൾ. ബില്ലുകളിലെ അക്കൗണ്ട്, ഓഡിറ്റ്, ട്രഷറി ബിൽ തയ്യാറാക്കല്, ബില് പെയ്മെന്റ് തുടങ്ങിയവ. ക്യാഷ് ബുക്ക്, ടെൺണ്ടർ രജിസ്റ്ററും ഫയലും, ഹാജർ, എന്നിവയുടെ സൂക്ഷിപ്പ്. വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി തയ്യാറാക്കൽ.

4. ടൈപ്പിസ്റ്റ്

(ഊർമിള സി.) 8089185639

എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസി ലെ എല്ലാവിധ ടൈപ്പിംഗ് ജോലികളും തപാൽ ഡിസ്ട്രിബ്യൂഷനില് ചേർത്ത് വിതരണം ചെയ്യല്, ഡെസ്പാച്ച്, സ്റ്റാമ്പ് അക്കൗണ്ടൺ തുടങ്ങിയവ

5. ഓഫീസ് അറ്റൻറഡൻറ്

(സരിത പി.) 9947848126

ഓഫീസ് കാര്യങ്ങളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും മറ്റു ജീവനക്കാരേയും സഹായിക്കൽ, ടെഷറി ഡ്യൂട്ടി, ഓഫീസ് തുറക്കുന്നതും അടയ്ക്കുന്നതുമുള്ള ചുമതല, ഫയൽ തിരഞ്ഞെടുക്കൽ എന്നിവ.

6. ഡ്രൈവർ (കരാർ അടിസ്ഥാനത്തിൽ)

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസീയർമാർ എന്നിവർക്ക് സൈറ്റ് സന്ദർശം, ബാങ്ക്, പോസ്റ്റ് ഓഫീസ്, ട്രഷറി എന്നിവിടങ്ങളിലേയ്ക്ക് ഓഫീസ് സംബന്ധമായ കാര്യങ്ങൾ, എന്നിവയ്ക്കും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിക്കുന്ന പ്രകാരം, കരാർ വ്യവസ്ഥകൾക്ക് വിധേയമായി ഓഫീസ് വാഹനം ഓടിക്കുന്നതിനുള്ള ചുമതല,

കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ്, വേങ്ങര

വേങ്ങര ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നു . കൃഷി വകുപ്പിൻറെ വിവിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയും ബ്ലോക്ക് പഞ്ചായത്തിൻറെ കാർഷിക മേഖലയിലെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനും പ്രവർത്തിക്കുന്നു.

ജീവനക്കാർ

ക്രമ നം	പേര്	തസ്തിക	മൊബൈൽ നമ്പർ
1	ജൈസൽ ബാബു	കൃഷി അസിസ്റ്റൻറ് ഡയറക്ടർ	9393471694
2	കിരൺകുമാർ എം	ക്ലർക്ക്	9497451396
3	ഷുഹൈബ് എം	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	9895982080

ഓഫീസിലെ സെക്ഷനുകളും ചുമതലകളും

കൃഷി അസിസ്റ്റൻറ് ഡയറക്ടർ

കൃഷി അസിസ്റ്റൻറ് ഡയരക്ടർ വേങ്ങര ബ്ലോക്ക് പരിധിയിലെ കൃഷിഭവനുകളിലെ കൃഷിഓഫീസർമാരുടെ നിയന്ത്രണാധികാരിയും കൃഷിവകുപ്പ് വഴി നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും DDO യും ആയി പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് കാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനുമാണ്. കൃഷി അസിസ്റ്റൻറ് ഡയര്കടറുടെ കാര്യാലയത്തിലെ വിവരാവകാശ നിയമ പ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും കൃഷിഭവനുകളുടെ അപ്പീൽ അധികാരിയുമായി പ്രവർത്തിക്കുന്നു.

സെക്ഷനുകൾ

ക്ലർക്ക് - ജീവനക്കാര്യം, തപാൽ, ഇ-ഓഫീസ്,കെ-സ്മാർട്ട്, സ്റ്റോക്ക് ആൻറ് സ്റ്റോർ, വിവരാവകാശം(അസിസ്റ്റൻറ് പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ) , നിയമ സഭാ ചോദ്യം, ഓഡിറ്റ്,ഇ-ടെൻഡർ, സ്പാർക്ക്, ബിംസ്, കേന്ദ്ര/സംസ്ഥാന പദ്ധതി കത്തിടപാടുകളും അനുബന്ധ ബില്ല് തയ്യാറാക്കലും

ഡാറ്റാ എൻട്രി ഓപ്പറേറ്റർ : കേന്ദ്ര/സംസ്ഥാന പദ്ധതി കത്തിടപാടുകളും പദ്ധതികളുടെ അനുബന്ധ ബില്ല് തയ്യാറാക്കലും

ശിശു വികസന പദ്ധതി ഓഫീസ് വേങ്ങര

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പിറകുവശത്തെ സായംപ്രഭാ കെട്ടിടത്തിൻറെ മുകൾ നിലയിൽ പ്രവർത്തിക്കുന്നു. ഈ ഓഫീസിൻറെ പരിധിയിലുള്ള വേങ്ങര, കണ്ണമംഗലം, എ.ആർനഗർ എന്നീ പഞ്ചായത്തുകളിലായി 117അങ്കണവാടികളും അവയിൽ 117 വർക്കർമാരും, 117 ഹെൽപ്പർമാരും വിവിധ പഞ്ചായത്തുകളിൽ 5 സൂപ്പർ വൈസർമാരും പ്രവർത്തിക്കുന്നു. ഈ അങ്കണവാടികളിലൂടെ വനിതാ ശിശുവികസന വകുപ്പിൻറെയും സാമൂഹ്യനീതി വകുപ്പിൻറെയും വിവിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനും ഈ മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിൻറെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നു.

ജീവനക്കാർ

ക്രമ നം	പേര്	തസ്തിക	ഫോൺ നം
1	മൈമൂനകെ.ടി	ശിശുവികസനപദ്ധതിഓഫീസർ	9061069535
2	സമിതകുമാരിവി.സി	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9388650685
3	സിന്ധുസി	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9562071413
4	ബിന്ദുപി.പി	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9946332850
5	ജസീനമോൾകറുകമണ്ണിൽ	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9947410420
6	ബേബിഷിഫസി	ഐ.സി.ഡി.എസ്സൂപ്പർവൈസർ	7012757554
7	അനീഷ്എം	സീനിയർക്ലർക്ക്	9846470280
8	ജസ്നിസി	ക്ലർക്ക്ടൈപ്പിസ്റ്റ്	9539181976
9	സന്തോഷ്എം.എ	ഓഫീസ്അറ്റൻഡൻറ്	9400414632
10	രാജൻതെക്കേവീട്ടിൽ	പാർട്ട്ടൈംസ്വീപ്പർ	9961760284

ക്രമ നം	തസ്തിക	ചുമതല	നിലവിൽ ചുമതല വഹിക്കുന്ന ജീവനക്കാർ	ഫോൺ നമ്പർ
1	ശിശുവികസനപദ്ധതിഓഫീസർ	ഓഫീസ് മേധാവി	മൈമൂനകെ.ടി	9061069535
2	സൂപ്പർവൈസർ	വേങ്ങരഗ്രാമപഞ്ചായത്ത് പദ്ധതി നിർവ്വഹണം, അങ്കണവാടി സന്ദർശനം	സമിതകുമാരിവി.സി	9388650685
3			ജസീനമോൾ കറുകമണ്ണിൽ	9947410420
4	സൂപ്പർവൈസർ	കണ്ണമംഗലംഗ്രാമപഞ്ചായത്ത് പദ്ധതി നിർവ്വഹണം,അങ്ക	ബിന്ദുപി.പി	9946332850
5			ജസീനമോൾ കറുകമണ്ണിൽ	9947410420

		ണവാടി സന്ദർശനം		
6	സൂപ്പർവൈസർ	എ.ആർനഗർഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം,അങ്ക ണവാടി സന്ദർശനം	സിന്ധുസി	9562071413
7			ബേബിഷിഫസി	7012757554

ഓഫീസ് തസ്തികകളും ചുമതലകളും

1. **ശിശുവികസനപദ്ധതിഓഫീസർ**

ഓഫീസർ ഓഫീസ് മേധാവി – ഐ.സി.ഡി.എസ്. ഓഫീസിൻറെ പൂർണ്ണ ചുമതല. ഐ.സി.ഡി.എസ്. സൂപ്പ ർവൈസർമാർ,വേങ്ങര, കണ്ണമംഗലം, എ.ആർനഗർഎന്നീ പഞ്ചായത്തുകളിലെ അങ്കണവാടി വർക്കർമാർ,ഹെൽപ്പർമാർ, എന്നിവരുടെ സൂപ്പർവൈസറി ചുമതല, ഐ.സി.ഡി. എസുമായി ബന്ധപ്പെട്ട മറ്റ് ചുമതലകൾ എന്നിവ നിർവ്വഹിക്കുന്നു.

2. **സൂപ്പർവൈസർമാർ – 5**

പഞ്ചായത്ത് തല അങ്കണവാടി പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് സി.ഡി.പി.ഒ.യെ സഹായിക്കുന്നു. അങ്കണവാടി സന്ദർശനവും, കുട്ടികളുടെ ഭക്ഷണവും സൗകര്യങ്ങളും ഇംപ്ലിമെൻറ് ചെയ്യുന്നു. ഐ.സി.ഡി.എസ് പ്രവർത്തനങ്ങളുടെ നടത്തിപ്പിന് സി.ഡി.പി.ഒ. യെ സഹായിക്കുന്നു.

3. **സീനിയർക്ലർക്ക്**

ജീവനക്കാര്യം, എസ്റ്റാബ്ലിഷ്മെൻറ് പണമിടപാടു കള്, ബില്ലുകള്, അക്കൗണ്ടുകള്, ബഡ്ജറ്റുകള് എന്നീ ചുമതലകൾ നിർവ്വഹിക്കുന്നു. മറ്റ് ദൈനം ദിന കാര്യങ്ങളിൽ സി.ഡി.പി.ഒ.യെ സഹായിക്കുന്നു.

4. **ടൈപ്പിസ്റ്റ്**

ടൈപ്പിംഗ്, ഡി.ടി.പി. ജോലികൾ, അങ്കണവാടി കാര്യം, സി.ഡി.പി.ഒ. നിർദ്ദേശിക്കുന്ന മറ്റ് കാര്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നു.

5. **ഓഫീസ് അറ്റൻറൻറ്**

തപാലുകൾ, ട്രഷറി, ഡിസ്ട്രിബ്യൂഷൻ കാര്യങ്ങള് നിർവ്വഹിക്കുന്നു.

6. **പി.ടി.എസ്.**

ഓഫീസും, പരിസരവും വൃത്തിയായി സൂക്ഷിയ്ക്കുന്നു

ശിശു വികസന സേവന പദ്ധതി ഓഫീസ് വേങ്ങര അഡീഷണൽ

ചങ്കുവെട്ടി പറമ്പിലങ്ങാടി KM Complex കെട്ടിടത്തിൻറെ മുകൾ നിലയിൽ പ്രവർത്തിക്കുന്നു. ഈ ഓഫീസിൻറെ പരിധിയിലുള്ള എടരിക്കോട്, പറപ്പൂർ, ഊരകം. തെന്നല എന്നീ പഞ്ചായത്തുകളിലുമായി 114 അങ്കണവാടികളും അവയിൽ 114 വർക്കർമാരും, 114 ഹെൽപ്പർമാരും വിവിധ പഞ്ചായത്തുകളിൽ 4 സൂപ്പർ വൈസർമാരും പ്രവർത്തിക്കുന്നു. ഈ അങ്കണവാടികളിലൂടെ സാമൂഹ്യനീതി വകുപ്പിൻറെ വി വിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൻറെ ഈ മേഖലയിലെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നു.

ജീവനക്കാർ

ക്രമനം	പേര്	തസ്തിക	ഫോൺ നം
1	ബിന്ദു ടി കെ	ശിശുവികസനപദ്ധതിഓഫീസർ	9847055370
2	ലുബ്ന ടി	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9847380059
3	രമ്യ സി ആർ	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9497350482
4	ജംഷീദ ബേബി	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9037594020
5	ഉമൈറ ബാനു	ഐ.സി.ഡി.എസ്സൂപ്പർവൈസർ	9567539627
6	അബൂബക്കർ എ വി	സീനിയർക്ലർക്ക്	9447585999
7	റീജ എ എം	സീനിയർക്ലർക്ക്	7025198317
8	നൌഷാദ് ടി കെ	ഓഫീസ് അറ്റൻഡൻറ്	9847758675
9	ലതിക	പാർട്ട് ടൈം സ്വീപ്പർ	9072088716

ഓഫീസ് തസ്തികകളും അവയുടെ ചുമതലകളും

ക്രമനം	തസ്തിക	ചുമതല	നിലവിൽ ചുമതല വഹിക്കുന്ന ജീവനക്കാർ	ഫോൺ നമ്പർ
1	ശിശുവികസന പദ്ധതിഓഫീസർ	ഓഫീസ് മേധാവി	ബിന്ദു ടി കെ	9847055370
2	സൂപ്പർവൈസർ	എടരിക്കോട് ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം, അങ്കണവാടി സന്ദർശനം	ലുബ്ന ടി	9847380059

3	സൂപ്പർവൈസർ	പറപ്പൂർ ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം, അങ്കണവാടി സന്ദർശനം	രമ്യ സി ആർ	9497350482
4	സൂപ്പർവൈസർ	ഊരകം ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം, അങ്കണവാടി സന്ദർശനം	ജംഷീദ ബേബി	9037594020
5	സൂപ്പർവൈസർ	തെന്നല ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം, അങ്കണവാടി സന്ദർശനം	ഉമൈറ ബാനു	9567539627

ശിശു വികസന സേവന പദ്ധതി ഓഫീസർ

ഓഫീസ് മേധാവി – ഐ.സി.ഡി.എസ്. ഓഫീസിൻറെ പൂർണ്ണ ചുമതല. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, എന്നിവരുടെ സൂപ്പർവൈസറി ചുമതല, ഐ.സി.ഡി. എസുമായി ബന്ധപ്പെട്ട മറ്റ് ചുമതലകൾ എന്നിവ നിർവ്വഹിക്കുന്നു.

സൂപ്പർവൈസർമാർ – 4.

പഞ്ചായത്ത് തല അങ്കണവാടി പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് സി.ഡി.പി.ഒ.യെ സഹായിക്കുന്നു. അങ്കണവാടി സന്ദർശനവും, കുട്ടികളുടെ ഭക്ഷണവും സൗകര്യങ്ങളും ഇംപ്ലിമെൻറ് ചെയ്യുന്നു. ഐ.സി.ഡി.എസ് പ്രവർത്തനങ്ങളുടെ നടത്തിപ്പിന് സി.ഡി.പി.ഒ. യെ സഹായിക്കുന്നു.

ക്ലർക്ക്

ജീവനക്കാര്യം, എസ്റ്റാബ്ലിഷ്മെൻറ് പണമിടപാടുകൾ, ബില്ലുകൾ, അക്കൗണ്ടുകൾ, ബഡ്ജറ്റുകൾ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നു. മറ്റ് ദൈനം ദിന കാര്യങ്ങളിൽ സി.ഡി.പി.ഒ.യെ സഹായിക്കുന്നു.

ടൈപ്പിസ്റ്റ്

ടൈപ്പിംഗ്, ഡി.ടി.പി. ജോലികൾ, ഇ മെയിൽ, അങ്കണവാടി കാര്യം, സി.ഡി.പി.ഒ. നിർദ്ദേശിക്കുന്ന മറ്റ് കാര്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നു.

ഓഫീസ് അറ്റൻറൻറ്

തപാലുകൾ, ട്രഷറി, ഡിസ്ട്രിബ്യൂഷൻ കാര്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നു.

പി.ടി.എസ്.

ഓഫീസും, പരിസരവും വൃത്തിയായി സൂക്ഷിയ്ക്കുന്നു

പട്ടികജാതി വികസന ഓഫീസ് , വേങ്ങര

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിന് മുൻവശത്തെ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. പട്ടികജാതി വകുപ്പിൻറെ വിവിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടിയും ബ്ലോക്ക് പഞ്ചായത്തിൻറെ ഈ മേഖലയിലെ പ്രൊജക്ടുകൾ നടപ്പിലാക്കുന്ന തിനും പ്രവർത്തിക്കുന്നു.

ജീവനക്കാർ

ക്രമ നം	പേര്	തസ്തിക	ഫോൺ നം
1	ആതിര എൻ	പട്ടികജാതി വികസന ഓഫീസർ	8157806537

വിവിധ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ചുമതല വഹിക്കുന്ന എസ്. സി പ്രൊമോട്ടർമാർ – നിലവിലെ പ്രൊമോട്ടർമാരുടെ നിയമന കാലാവധി 2026 സെപ്തംബറിൽ അവസാനിച്ചതിനാലും, പുതിയ പ്രൊമോട്ടർമാരുടെ നിയമനം നടന്നിട്ടില്ലാതിതതിനാലും തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്

ക്രമ നം	പേര്	ചുമതലയുള്ള ഗ്രാമ പഞ്ചായത്ത്	ഫോൺ നമ്പർ
1		ഏ ആർ നഗർ	
2		എടരിക്കോട്	
3		കണ്ണമംഗലം	
4		കോട്ടക്കൽ മുനിസിപ്പാലിറ്റി	
5		കോട്ടക്കൽ മുനിസിപ്പാലിറ്റി	
6		കോട്ടക്കൽ മുനിസിപ്പാലിറ്റി	
7		ഊരകം	
8		പറപ്പൂർ	
9		തെന്നല	
10		വേങ്ങര	

ഓഫീസിലെ സെക്ഷനുകളും അവയുടെ ചുമതലകളും

പട്ടിക ജാതി വികസന ഓഫീസർ – ഓഫീസ് മേധാവി,

പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകളും ബ്ലോക്ക് പഞ്ചായത്ത് മുഖേനയും നടപ്പിലാക്കുന്ന വിവിധ പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് ചുതലപ്പെട്ട ഉദ്യഗസ്ഥ.

1. **SC പ്രൊമോട്ടർമാർ**

1. **പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം**

· വിവരങ്ങൾ എത്തിക്കൽ: ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് (വിദ്യാഭ്യാസം, ഭവന നിർമ്മാണം, സ്വയംതൊഴിൽ, വിവാഹ ധനസഹായം തുടങ്ങിയവ) ഊരുകളിലും കോളനികളിലും ഉള്ളവരെ ബോധവാന്മാരാക്കുക.

· അപേക്ഷകൾ തയ്യാറാക്കൽ: അർഹരായ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾക്കുള്ള അപേക്ഷ ഫോമുകൾ പൂരിപ്പിക്കുന്നതിനും ആവശ്യമായ രേഖകൾ (ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ) സംഘടിപ്പിക്കുന്നതിനും സഹായിക്കുക.

2. **വിദ്യാഭ്യാസപരമായ പിന്തുണ**

· ലമ്പ്സം ഗ്രാന്റും സ്റ്റൈപ്പന്റും: പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ലമ്പ്സം ഗ്രാന്റ്, മെസ്സ് അലവൻസ്, ഇ-ഗ്രാന്റ്സ്, സ്കോളർഷിപ്പുകൾ എന്നിവ കൃത്യസമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

· പ്രവേശനം ഉറപ്പാക്കൽ: മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (MRS), ഹോസ്റ്റലുകൾ എന്നിവയിലേക്കുള്ള പ്രവേശനത്തിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സഹായിക്കുക. പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ തിരികെ സ്കൂളിലെത്തിക്കാൻ ശ്രമിക്കുക.

3. **അപേക്ഷകളുടെ ഫോളോ-അപ്പ് (Follow-up)**

· ഓഫീസ് ഏകോപനം: കോളനികളിൽ നിന്നും ശേഖരിക്കുന്ന അപേക്ഷകൾ കൃത്യമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലും (SC Office) ബന്ധപ്പെട്ട മറ്റ് തദ്ദേശ സ്ഥാപനങ്ങളിലും എത്തിക്കുക.

· അന്വേഷണം നടത്തൽ: ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചവരുടെ അർഹത പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥർ നടത്തുന്ന അന്വേഷണങ്ങളിൽ അവരെ സഹായിക്കുക.

4. **കോളനി സന്ദർശനവും പരാതി പരിഹാരവും**

· സ്ഥിരമായ സന്ദർശനം: തങ്ങളുടെ പരിധിയിലുള്ള പട്ടികജാതി കോളനികൾ കൃത്യമായി സന്ദർശിച്ച് ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ (കുടിവെള്ളം, വഴി സൗകര്യം, വീടുകളുടെ അവസ്ഥ) മനസ്സിലാക്കുക.

• റിപ്പോർട്ട് ചെയ്യൽ: കോളനികളിലെ അതിക്രമങ്ങൾ, വിവേചനങ്ങൾ അല്ലെങ്കിൽ അടിയന്തരമായി പരിഹരിക്കേണ്ട ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അത് ഉടൻ തന്നെ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (BEO), ജില്ലാ ഓഫീസർ എന്നിവരെ അറിയിക്കുക.

5. **തൊഴിൽ, സ്വയംതൊഴിൽ മാർഗ്ഗങ്ങൾ**

• പരിശീലനങ്ങൾ: സർക്കാർ നടത്തുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് പട്ടികജാതി യുവാക്കളെ കണ്ടെത്തി ചേർക്കുക.

• ലോണുകളും സബ്സിഡികളും: സ്വയംതൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് കൈരളി അഗ്രോ ഒപ്റ്റിക്കൽസ്, വായ്പകൾ, സബ്സിഡികൾ എന്നിവ ലഭ്യമാക്കാൻ സഹായിക്കുക.

ക്ഷീര വികസന ഓഫീസ്, വേങ്ങര

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നു. ക്ഷീര വികസന വകുപ്പിൻറെ വിവിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയും ബ്ലോക്ക് പഞ്ചായത്തിൻറെ ഈ മേഖലയിലെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനും പ്രവർത്തിക്കുന്നു.

ജീവനക്കാർ

ക്രമനം	പേര്	തസ്തിക	മൊബൈൽ നമ്പർ
1	നിഷിദ എൻ പി	ക്ഷീര വികസന ഓഫീസർ	9495920927
2	മിൻഷ	ഡയറി ഫാം ഇൻസ്ട്രക്ടർ	9847655687

ക്ഷീര വികസന ഓഫീസർ

ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകളും ബ്ലോക്ക് പഞ്ചായത്ത് മുഖേനയും നടപ്പിലാക്കുന്ന വിവിധ പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് ചുതലപ്പെട്ട ഉദ്യഗസ്ഥ.

ഡയറി ഫാം ഇൻസ്ട്രക്ടർ

1. ക്ഷീരസംഘങ്ങളുടെ മേൽനോട്ടം
   • ബ്ലോക്ക് പരിധിയിലുള്ള ക്ഷീരവ്യവസായ സഹകരണ സംഘങ്ങളുടെ (ആപ്കോസ്/APCOS) ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുക.
   • സംഘങ്ങളിലെ പാൽ അളവ്, ഗുണനിലവാരം (Fat, SNF പരിശോധനകൾ), വരവ്–ചെലവ് കണക്കുകൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
   2. സർക്കാർ പദ്ധതികളുടെ നടത്തിപ്പ്
   • ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ സബ്സിഡി പദ്ധതികൾ, പശുക്കിടാ വളർത്തൽ പരിപാടി (KADP), തീറ്റപ്പുൽ കൃഷി വ്യാപനം, തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ അപേക്ഷകൾ സ്വീകരിക്കുകയും ഗുണഭോക്താക്കളെ

കണ്ടെത്തുകയും ചെയ്യുക.
• പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കർഷകരുടെ ഡയറി ഫാമുകൾ നേരിട്ട് സന്ദർശിച്ച് ഫീൽഡ് തല പരിശോധനകൾ (Field Inspection) നടത്തുക.
3. സാങ്കേതിക സഹായവും ബോധവൽക്കരണവും
• ശാസ്ത്രീയമായ പശുവളർത്തൽ, ഗുണമേന്മയുള്ള പാൽ ഉത്പാദനം, കന്നുകാലി തീറ്റ ക്രമീകരണം, രോഗനിയന്ത്രണം എന്നിവയെക്കുറിച്ച് കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുക.
• കർഷകർക്കായി ബ്ലോക്ക് തലത്തിലും സംഘം തലത്തിലും ബോധവൽക്കരണ ക്ലാസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുക.
4. റിപ്പോർട്ടുകളും കണക്കെടുപ്പുകളും
• ബ്ലോക്കിലെ പാൽ ഉത്പാദനത്തിന്റെ കൃത്യമായ കണക്കുകൾ, ക്ഷീരസംഘങ്ങളുടെ പ്രതിമാസ റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കി ബ്ലോക്ക് ക്ഷീരവികസന ഓഫീസർക്ക് (Dairy Development Officer) സമർപ്പിക്കുക.
• കന്നുകാലികളുടെ ഇൻഷുറൻസ് സംബന്ധിച്ച കാര്യങ്ങളിലും കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും കർഷകരെ സഹായിക്കുക.

VIII വ്യവസായ വികസന ഓഫീസ്, വേങ്ങര

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ മുൻ വശത്തുള്ള കെട്ടിട സമുച്ചയത്തിന്റെ മുകൾ നിലയിൽ ഓഫീസ് പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടിയും ബ്ലോക്ക് പഞ്ചായത്തിന്റെ ഈ മേഖലയിലെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനും പ്രവർത്തിക്കുന്നു.

ജീവനക്കാർ

ക്രമ നം	പേര്	തസ്തിക	മൊബൈൽ നം
1	ജയശ്രീ ഒ.കെ	വ്യവസായ വികസന ഓഫീസർ	9188127173

കരാർ ജീവനക്കാർ

ക്രമ നം	പേര്	തസ്തിക	പഞ്ചായത്ത്	മൊബൈൽ നം
1	അലീന മാർഗരറ്റ്	BDSP	എടരിക്കോട്, പറപ്പൂർ	7306599102
2	ജസീം കെ	BDSP	ഊരകം, കണ്ണമംഗലം	9020230003
3	സോബി കെ	BDSP	എ.ആർ. നഗർ	8606447367
4	Vacant	BDSP	വേങ്ങര, തെന്നല	Vacant

വ്യവസായ വികസന ഓഫീസർ

വ്യവസായ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകളും ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് ചുതലപ്പെട്ട ഉദ്യഗസ്ഥ.

BDSP മാരുടെ ചുമതലകൾ

1. സംരംഭകരെ കണ്ടെത്തലും ബോധവൽക്കരണവും

• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പുതിയ സംരംഭങ്ങൾ (MSME) ആരംഭിക്കാൻ താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തുക.

• സർക്കാരിന്റെ വ്യവസായ പദ്ധതികൾ, സബ്സിഡികൾ, ലോണുകൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്കും സംരംഭകർക്കും ബോധവൽക്കരണം നൽകുക.

2. ഹെൽപ്പ് ഡെസ്ക് പ്രവർത്തനം (Help Desk)

• ബ്ലോക്ക്/നഗരസഭ ഓഫീസുകളിൽ പുതിയ സംരംഭകർക്കായി ഹെൽപ്പ് ഡെസ്ക് പ്രവർത്തിപ്പിക്കുക.

• സംരംഭം തുടങ്ങുന്നതിനുള്ള സംശയങ്ങൾക്ക് മറുപടി നൽകുകയും അവരെ ശരിയായ ദിശയിലേക്ക് നയിക്കുകയും ചെയ്യുക.

3. ലൈസൻസുകളും രജിസ്ട്രേഷനും ലഭ്യമാക്കൽ

• സംരംഭകർക്ക് ഉദ്യം രജിസ്ട്രേഷൻ (Udyam Registration), കെ-സ്വിഫ്റ്റ് (K-SWIFT) വഴിയുള്ള അനുമതികൾ എന്നിവ എടുക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുക.

• വിവിധ ലൈസൻസുകൾക്കും സബ്സിഡികൾക്കുമായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ സംരംഭകരെ സഹായിക്കുക.

4. പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് – മാർഗ്ഗനിർദ്ദേശം നൽകുക.

• ലോണുകൾക്കും മറ്റ് അനുമതികൾക്കുമായി ലളിതമായ പ്രൊജക്ട് പ്രൊഫൈലുകൾ (Project Reports) തയ്യാറാക്കാൻ പുതിയ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുക.

5. വ്യവസായ വികസന ഓഫീസറെ (IDO) സഹായിക്കൽ

• ബ്ലോക്ക് വ്യവസായ വികസന ഓഫീസറുടെ (Industrial Development Officer – IDO) നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ വ്യവസായ സംബന്ധമായ സർവേകൾ നടത്തുക, വിവരശേഖരണം നടത്തുക, റിപ്പോർട്ടുകൾ തയ്യാറാക്കുക എന്നിവയിൽ പങ്കാളികളാവുക.

സാമൂഹികാരോഗ്യകേന്ദ്രം വേങ്ങര

വേങ്ങര ഗ്രാമ പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്തിനും വേങ്ങര പോലീസ് സ്റ്റേഷനും അടുത്തായി സ്വന്തം കെട്ടിടത്തിൽ ആരോഗ്യ വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്നു. ആരോഗ്യ സേവന മേഖലയിൽ പൊതു ജനാരോഗ്യം മുൻനിർത്തി പ്രവർത്തിയ്ക്കുന്നു. സർക്കാറിൻറെ വിവിധ സാമൂഹിക ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ രംഗത്ത് നടപ്പിലാക്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നത് സാമൂഹിക ആരോഗ്യ കേന്ദ്രം വഴിയാണ് .

ക്രമനം	പേര്	തസ്തിക	ഫോൺ നമ്പർ	സെക്ഷൻ/ചുമതല
1	ഡോ. ഷാജി അറക്കൽ	സിവിൽ സർജ്ജൻ (മെഡിക്കൽ ഓഫീസർ)	9447329015	ഓഫീസിന്റെ മൊത്തത്തിലുള്ള ചുമതലക്കാരൻ, ആരോഗ്യ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രൊജെക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥ
2	ഡോ. മേനക വസുദേവ്	അസിസ്റ്റന്റ് സർജൻ (മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്)	9446135939	നിലവിൽ ഓഫീസിന്റെ മൊത്തത്തിലുള്ള ചുമതലക്കാരി, ആരോഗ്യ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രൊജെക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥ
3	ഡോ. സലീല പി പി	അസിസ്റ്റന്റ് സർജൻ	9895824805	ആശുപത്രിയിൽ എത്തുന്ന രോഗികളെ പരിശോധിക്കുകയും മെഡിക്കൽ ഓഫീസറെ സഹായിക്കുകയും വഴി ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുക. പഞ്ചായത്ത് പ്രൊജക്ട്കളുടെ നിർവഹണം
4	ഡോ. ഷാനിഫ അരീക്കൻ	അസിസ്റ്റന്റ് സർജൻ	9895695621	ആശുപത്രിയിൽ എത്തുന്ന രോഗികളെ പരിശോധിക്കുകയും മെഡിക്കൽ ഓഫീസറെ സഹായിക്കുകയും വഴി ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുക.
5	ഡോ.അബ്ദുൽ നാസിർ പി കെ	അസിസ്റ്റന്റ് സർജൻ	9074752551	,, ,,
6	ഡോ. മുഹമ്മദ്	അസിസ്റ്റന്റ്	7859919217	,, ,,

	യാസിർ കെ	സർജൻ		
7	ഡോ. ഷാനിദ എ ടി	അസിസ്റ്റന്റ് സർജൻ	8086482802	,, ,,
8	ഡോ. അഹമ്മദ് കബീർ തയ്യിൽ	അസിസ്റ്റന്റ് സർജൻ	9895447858	,, ,,
9	നോബിൾ ജോൺ	ഹെഡ് ക്ലാർക്ക്	9061602056	ഓഫീസ് ജീവനക്കാരുടെ സേവന വേതന കാര്യങ്ങളും സാമ്പത്തിക കാര്യങ്ങളിലും മെഡിക്കൽ ഓഫീസറെ സഹായിക്കുക
10	പ്രതിഭ പ്രഭാകരൻ	സീനിയർ ക്ലർക്	9947924234	ഓഫീസ് ജീവനക്കാരുടെ സേവന വേതന കാര്യങ്ങളും സാമ്പത്തിക കാര്യങ്ങളിലും മെഡിക്കൽ ഓഫീസറെ സഹായിക്കുക
11	രജീഷ് എം	ക്ലാർക്ക്	9995014836	,,
12	വിജേഷ് പി	ക്ലാർക്ക്	8075734756	,,
13	ജിതേഷ് പി കെ	ഓഫീസ് അറ്റന്റന്റ്	7907939212	മെഡിക്കൽ ഓഫീസർ മാരുടെയും മറ്റ ഓഫീസ് ജാവനക്കാരെയും സഹായിക്കുന്നു
14	ജ്യോതി പ്രസാദ് പി ,	സീനിയർ ഗ്രേഡ് ഡ്രൈവർ	9946706624	ആശുപത്രിയിലെ വാഹനം ആശുപത്രി ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സഹായിക്കുന്നു
15	മൻസൂർ കെപി	ഡ്രൈവർ ഗ്രേഡ് II		,,
16	സിന്ധു ടി ആർ ,	എസ് എൻ ഒ	9747753478	വാർഡുകളിൽ രോഗികളെ പരിശോധിക്കുന്ന നേഴ്സ്മാരുടെ മുഖ്യനേഴ്സ്
17	അനിത .ഇ ,	നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1	8281938545	രോഗി പരിചരണം
18	ദീപ മാത്യു,	നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1	9544190520	രോഗി പരിചരണം
19	ധന്യ .വി എം	നഴ്സിംഗ് ഓഫീസർ	9400598038	

				രോഗി പരിചരണം
20	മുഹമ്മദലി പി	നഴ്സിംഗ് അറ്റന്റന്റ്	9847477059	ആശുപത്രിയിൽ എത്തുന്ന രോഗികളെ പരിചരിക്കുന്നതിൽ നഴ്സുമാരെ സഹായിക്കുന്നു
21	രവി എൻ	നഴ്സിംഗ് അറ്റന്റന്റ്	9895960126	,,
22	രാധാകൃഷ്ണൻ മുടിക്കുന്നത്ത്	എച് എ ഗ്രേഡ് II	9847742796	ആശുപത്രിയിൽ വരുന്ന അടിയന്തിര ഘട്ടങ്ങളിലുള്ള രോഗികളെ നഴ്സുമാരുടെ നിർദേശ പ്രകാരം വിവിധ ഡിപ്പാർട് മെന്റിൽ കൊണ്ട് പോകുകയും കൊണ്ട് വരികയും ചെയ്യുന്ന ചുമതല ,ക്ലീനിങ് മുതലായവ
23	നറ ജാസ്മിൻ കെപി	ഫർമസിസ്റ്റ് ഗ്രേഡ് 1	7736135890	മരുന്നുകളുടെ ശേഖരണവും വിതരണവും
24	ഭവ്യ പി ഭാഷ്യം	ലാബ് ടെക്നിഷ്യൻ	9847880966	രോഗ നിർണ്ണയ പരിശോധനകൾ നടത്തുക
25	ആമിന .സി	ലാബ് ടെക്നിഷ്യൻ	9746270621	,,
26	പിഞ്ചു പി എ	എസ് ടി എസ്	8129477607	വേങ്ങര ടി ബി യൂണിറ്റ് കീഴിലുള്ള പഞ്ചായത്തിലെ രോഗികൾക് മരുന്നുകൾ വിതരണം ചെയ്യലും നിർദേശങ്ങൾ നൽകലും
27	ഭഗിഷ്മ ബി ജി	ഒപ്റ്റോമെട്രിസ്റ്	9567261370	ആശുപത്രിയിൽ കണ്ണ് പരിശോധനക്ക് വരുന്ന രോഗികൾക്ക് ഡോക്ടറുടെ നിർദേ ശ പ്രകാരം കാഴ്ച ശക്തി പരിശോധിക്കുക ,മറ്റു കണ്ണ് സംബന്ധമായ പരിശോധനകൾ നടത്തുക
28	ശിവദാസൻ വി	ഹെൽത്ത് ഇൻസ്പെക്ടർ	9605969266	പകർച്ച വ്യാധി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ,ആരോഗ്യ ബോധ വൽക്കരണ പരിപാടികൾ ,പൊതു ജന പരിശോധനകൾ (സ്കൂൾ,കടകൾ),ഭിന്നശേഷി വിഭാഗക്കാരുടെ പെൻഷൻ അന്വേഷണം തുടങ്ങിയ കാര്യങ്ങൾ
29	ജിജിൻ ജയറാം എ	ജൂനിയർ ഹെൽത്ത്	9995604095	പകർച്ച വ്യാധി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

		ഇൻസ്പെക്ടർ ഗ്രേഡ് II		,ആരോഗ്യ ബോധ വൽക്കരണ പരിപാടികൾ ,പൊതു ജന പരിശോധനകൾ (സ്ക്കൂൾ,കടകൾ), തുടങ്ങിയ കാര്യങ്ങൾ
30	ഗ്ലാഡിമോൾ മെറിൻ ജോസഫ്	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	9446450483	,,
31	ജന്ന ഷെറിൻ ,കെ	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	8921680402	,,
32	ഷീല എൻ സി	പി എച് എൻ	9037709100	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരുടെ സൂപ്പർ വൈസിങ്
33	റംല ബീഗം പി	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1	9846532381	ആശുപത്രിക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് പ്രതിരോധ കുത്തി വെയ്പ്പുകളെ കുറിച്ച് ബോധവാന്മാരാക്കുക ,പ്രതിരോധ കുത്തി വെയ്പ്പുകൾ നടത്തുക തുടങ്ങിയ ചുമതലകൾ
34	അനുശ്രീ പി ,	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1	8943915747	,,
35	ജുബൈരിയ കെ എം	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1	6282793421	,,
36	രാഖി യു ജി	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1	9747270281	,,
37	ചീരു എൻ എം	പി ടി എസ്	8129786255	ആശുപത്രിയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്ന ചുമതല

S

ബ്ലോക്ക് പഞ്ചായത്ത് – ഉത്തരവാദിത്തങ്ങളും ചുമതലകളും

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 172– വകുപ്പ് അനുസരിച്ച് ബ്ലോക്ക് പഞ്ചായ ത്തുകൾക്ക് കൈമാറികിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ പരിപാലനത്തിനും ബ്ലോക്ക് പ്രദേശ ത്തുള്ള ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും ആക്ടിലെ ചട്ടം 6പ്രകാരം (എ) പൊതുവായ ചുമത ലകൾ (ബി) മേഖല അടിസ്ഥാനത്തിലുള്ളവ എന്നിങ്ങനെ വിഭജിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചുമതലകൾ നൽകിയിരിക്കുന്നു.

എ. പൊതുവായ ചുമതലകൾ

1. ബ്ലോക്ക് തലത്തിൽ സർക്കാർ – സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോ ഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൻറെ പദ്ധതികൾ കണക്കി ലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ലിങ്കേജ് നൽകു കയും ചെയ്യുക.

ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

I കൃഷി

1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങള് നടത്തുക.
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികള് പരിപാലിക്കുക.
5. കാർഷിക വായ്പകൾ സ്വരൂപിക്കുക.
6. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

II മൃഗസംരക്ഷണവും ക്ഷീരോൽപാദനവും

1. വെറ്റിനറി പോളി ക്ലിനിക്കുകളും മേഖല കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
2. മൃഗസംരക്ഷണത്തിന് വിദഗ്ധ സേവന നൽകുക.
3. കന്നുകാലി, കോഴി പ്രദർശനങ്ങള് നടത്തുക.

III ചെറുകിട ജലസേചനം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.

IV മത്സ്യബന്ധനം

പരമ്പരാഗത കടവുകളുടെ വികസനംV

V ചെറുകിട വ്യവസായങ്ങൾ

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. എസ്.എസ്.ഐ.യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായ ങ്ങൾ പ്രോത്സാപിക്കുക.
3. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക.

VI ഭവന നിർമ്മാണം

1. ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക.
2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

VII വിദ്യുച്ഛക്തിയും ഊർജ്ജവും

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക.

VIII വിദ്യാഭ്യാസം

സർക്കാര് വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്.

IX പൊതുമരാമത്ത്

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക. സർക്കാരില് നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

X പൊതുജനാരോഗ്യവും ശുചീകരണവും

ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

XI സാമൂഹ്യക്ഷേമം

ഐ.സി.ഡി.എസ്. കേന്ദ്രങ്ങൾ നടത്തുക.

XII ദാരിദ്ര്യ നിർമ്മാർജ്ജനം

ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.

പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് വേതനത്തോടുകൂടിയുള്ള തൊഴിൽ നൽകുകയും ചെയ്യുക.
തകകക പട്ടികജാതി പട്ടികവർഗ്ഗ വികസനം

1. പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക.
2. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക.

XIII സഹകരണം

1. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

ബ്ലാക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

1. VBGRAM(G) (വി.ബി.ഗ്രാം (ജി)) – വിനോബ ഭാവെ ഗ്രാം വികാസ് റോജ്ഗാർ അഭിയാൻ (ഗ്രാമീൺ)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) പുനഃസംഘടിപ്പിച്ച രൂപമാണ് VBGRAM(G).

പ്രധാന സവിശേഷതകൾ:

തൊഴിൽ സുരക്ഷ: ഗ്രാമീണ മേഖലയിലെ നിർധന കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങൾക്ക് സാമ്പത്തിക വർഷത്തിൽ അവിദഗ്ധ കായിക അധ്വാനമുള്ള തൊഴിൽ നൽകി ഉപജീവനം ഉറപ്പാക്കുന്നു.

സുസ്ഥിര വികസനം: ജലസംരക്ഷണം, മണ്ണ് സംരക്ഷണം, കാർഷികാനുബന്ധ പ്രവൃത്തികൾ, ഗ്രാമീണ സാമ്പത്തിക വികസനം (റോഡുകൾ, ഡ്രെയിനേജുകൾ) തുടങ്ങിയ സുസ്ഥിര ആസ്തികൾ സൃഷ്ടിക്കുന്നതിലാണ് പദ്ധതി കൂടുതൽ മുൻഗണന നൽകുന്നത്.

ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആസൂത്രണം : വാർഡ് സഭകളും ഗ്രാമസഭകളും വഴിയാണ് പ്രദേശത്തിന് അനുയോജ്യമായ പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതും ലളിതമായ ലേബർ ബജറ്റ് തയ്യാറാക്കുന്നതും.

സമൂഹം & സുതാര്യത : പദ്ധതിയുടെ സുതാര്യത ഉറപ്പാക്കാൻ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനവും, നേരിട്ടുള്ള ബാങ്ക് അക്കൗണ്ട് വേതന വിതരണവും (DBT) ഇതിൽ നടപ്പിലാക്കുന്നു.

മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം പ്രാദേശിക വികസനവും സാമ്പത്തിക ഭദ്രതയും കൈവരിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2) പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ (ജി))

ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ് കൃത പദ്ധതിയായ പ്രധാൻ മന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം. കേരളത്തിൽ ലൈഫ് മിഷനുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. വീടിൻറെ തറ വിസ്തീർണ്ണം കുറഞ്ഞത് 25 മീറ്റർ സ്കയർ ഉണ്ടായിരിയ്ക്കണം. കേന്ദ്ര സർക്കാര് 120000/- രൂപയും ജില്ലാ പഞ്ചായത്ത് 98000 രൂപയും ബ്ലോക്ക് പഞ്ചായത്ത് 120000 രൂപയും ഗ്രാമ പഞ്ചായത്ത് 70000 രൂപയും വകയിരുത്തുന്നു. ഇങ്ങനെ ആകെ 400000/- രൂപയാണ് ഭവന നിർമ്മാണ ധന സഹായമായി നൽകുന്നത്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് ധനസഹായം വിതരണം ചെയ്യുന്നത്. സ്ത്രീ അംഗങ്ങളുടെ പേരിലാണ് വീട് അനുവദിക്കുന്നത്. പ്രത്യേക സാഹച ര്യങ്ങളിൽ (വിഭാര്യൻ) ഭർത്താവിൻറെ പേരിലും വീട് അനുവദിക്കാറുണ്ട്. ബ്ലോക്ക് പഞ്ചാ യത്ത് സെക്രട്ടറിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷന് ഓഫീസർമാര് ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം പരിശോധി ക്കുകയും വീടിൻറെ നിർമ്മാണത്തിൻറെ വിവിധ ഘട്ടങ്ങളിൽ പുരോഗതിക്കനുസരിച്ച് ധനസഹായത്തിന് ശുപാർശ ചെയ്യുകയും, ഹൗസിംഗ് ഓഫീസർ മുഖാന്തിരം സെക്രട്ടറി ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. വീടിൻറെ നിർമ്മാണത്തിൻറെ വിവിധ ഘട്ട ങ്ങൾ വില്ലേജ് എക്സ്റ്റൻഷന് ഓഫീസർ, ഹൗസിംഗ് ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവര് പരിശോധിച്ച് ധനസഹായം ബാങ്ക് അക്കൗണ്ട് വഴി ഗുണഭോക്താക്ക ൾക്ക് ലഭ്യമാക്കുന്നു.

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്ന് അർഹതാ മാനദണ്ഡ ങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളെ വി.ഇ.ഒ മാർ മുഖേന കണ്ടെത്തി ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെടുത്തി പഞ്ചായത്തുകള് മുൻഗണനാ ലിസ്റ്റുകൾ ക്രോഡീകരിച്ച് ബ്ലോക്കിന് സമർപ്പിക്കുന്നു. അനർഹരായ ഗുണഭോക്താക്കളെ പട്ടികയിൽനിന്ന് ഒഴിവാക്കി ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത പട്ടികയിൽനിന്ന് ദാരിദ്ര്യ ലഘൂകരണ വിഭാഗം ജില്ലാ ഓഫീസിൽ നിന്ന് നിശ്ചയിച്ച് നൽകുന്ന ഗ്രാമ പഞ്ചായത്തുതല ഭൗതിക ലക്ഷ്യത്തിനനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് ഭവന നിർമ്മാണ ധന സഹായം അനുവദിയ്ക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് 90 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് കുടുംബത്തിന് 90 ദിവസത്തെ വേതനം ലഭ്യമാക്കുന്നു.

വീട്പണി ആരംഭിക്കുന്നതിന് മുമ്പ് ഗുണഭോക്താവ് ഇപ്പോൾ താമസിക്കുന്ന വീടിൻറെ മുന്നിൽ നിന്നും പുതിയ വീട് നിർമ്മിയ്ക്കാന് ഉദ്ദ്യേശിയ്ക്കുന്ന സ്ഥലത്തുനിന്നും കുടുംബസമേതം ഫോട്ടോ

എടുക്കണം. പിന്നീട് തറ പൂർത്തീകരണം, ഭിത്തി പൂർത്തീകരണം, അന്തിമമായി വീടുപണി പൂർത്തീകരിച്ചതിനു ശേഷവും ഫോട്ടോ എടുക്കണം. ഓരോ ഘട്ടത്തിൻറെയും ഫോട്ടോ വി.ഇ.ഒ മാർ ആവാസ് ആപ്പ് എന്ന മൊബൈൽ അപ്ലിക്കേഷൻ വഴി പി.എം.എ.വൈ വെബ് സൈറ്റിലേയ്ക്ക് അപ് ലോഡ് ചെയ്യുന്നു.
വീടിൻറെ പൂർത്തീകരണ ഘട്ടങ്ങളിൽ – അവസാന ഗഡു കൈപ്പറ്റുന്നതിന് മുമ്പ്– 12 വർഷത്തേക്ക് വീടും പുരയിടവും കൈമാറ്റം ചെയ്യില്ല എന്ന് റജിസ്റ്റർ ഓഫീസിൽ റജിസ്റ്റർ ചെയ്തതിൻറെ അസൽ രേഖ ബ്ലോക്കിൽ സമർപ്പിക്കേണ്ടതാണ്.

പി.എം.എ.വൈ. പദ്ധതിയ്ക്ക് കേന്ദ്രസർക്കാര് നൽകുന്ന തുക ങകട വഴി ജഎങട ഴ്ലൂടെ 3 ഗഡുക്കളായാണ് നൽകുന്നത്. വീട് പൂർത്തീകരണത്തിന് ശേഷം പി.എം.എ.വൈ. ലോഗോ അടങ്ങിയ ബോർഡ് സ്ഥാപിക്കേണ്ടതാണ്.
ഓരോ ഘട്ടത്തിലേയും ധന സഹായം

കേന്ദ്ര വിഹിതം		
വീടിൻറെ തറപ്പണി പൂർത്തീകരണം	–	48000/–
ചുമര് ലിൻറൽ പൂർത്തീകരണം	–	48,000/–
വീട് പൂർത്തീകരണം	–	24000/–
	ആകെ	120000/–

പദ്ധതി വിഹിതം

ബ്ലോക്ക് പഞ്ചായത്ത് വിഹിതം	–	112000/–
ജില്ലാ പഞ്ചായത്ത് വിഹിതം	–	98000/–
ഗ്രാമ പഞ്ചായത്ത് വിഹിതം	–	70000/–
	ആകെ	280,000

DRI ലോൺ

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി അധിക തുക ആവശ്യമുള്ളവർക്കായി 70,000/– രൂപ 4% പലിശ നിരക്കിൽ റിസർവ്വ് ബാങ്കിൻറെ നിർദ്ദേശപ്രകാരം ഐ.എ.വൈ. ഭവന നിർമ്മാണത്തിന് ദേശസാൽകൃത ബാങ്കുകൾ വായ്പയായി നൽകുന്നു. ഐ.എ.വൈ. ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് പ്രസ്തുത ധനസഹായം കൂടാതെ – സാനിട്ടറി കക്കൂസ് നിർമ്മാണം, പുകയില്ലാത്ത അടുപ്പ് നിർമ്മാണം, എന്നിവയ്ക്ക് അഡീഷണലായി ധനസഹായം നൽകാവുന്നതാണ്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

2–10–2014ന് ശേഷം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പദ്ധതിയിലൂടെ കക്കൂസ് നിർമ്മാണത്തിന് 12000/– രൂപ കേന്ദ്ര സർക്കാർ അധികമായി അനുവദിക്കുന്നതാണ്. ഗുണ ഭോക്താവിനെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ങകട ൽ അപ്ലോഡ് ചെയ്യുന്നതിന് പ്രത്യേക ഫോറത്തിൽ വിശദവിവരങ്ങൾ നൽകേണ്ടതാണ്.

3)സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി)
സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വയജ്ഞം കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാര് കേന്ദ്ര സർക്കാരിൻറെ ധന സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികളും, പദ്ധതികളും ഈ സംരംഭത്തിൽ ഉൾപ്പെടുത്തുന്നു.
വ്യക്തി ശുചിത്വം/ഗൃഹ ശുചിത്വം/സ്ഥാപന ശുചിത്വം എന്നിങ്ങനെ ശുചിത്വ പരിപാടിയെ തരം തിരിക്കാം. അതായത് സമ്പൂർണ്ണ ശുചിത്വത്തിൻറെ ആദ്യപടി ആരംഭിക്കുന്നത്

ഓരോരുത്തരുടേയും വ്യക്തി ശുചിത്വത്തിൽ നിന്നാണ്. ഉദാഹരണമായി ദിവസേന രാവിലേയും വൈകിട്ടും പല്ലുകൾ വൃത്തിയാക്കുക, കുളിക്കുക, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കുക, നഖം കൃത്യമായി മുറിച്ച് കളയുക, ചർമ്മം സംരക്ഷിക്കുക.

സ്ഥാപന ശുചിത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നാം ഓരോരുത്തരും ജോലി ചെയ്യുന്നതോ വിദ്യ അഭ്യസിക്കുന്നതോ ആയ സ്ഥാപനങ്ങൾ–സ്കൂൾ– കോളേജുകൾ–ഫാക്ടറികൾ–കച്ചവട സ്ഥലങ്ങൾ – ഹോട്ടലുകൾ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാവരും സഹകരിച്ചുകൊണ്ട് പരിസരവും ഓഫീസിൻറെ ഉള്ളിലും വൃത്തിയായി സൂക്ഷിക്കുക. ഫയലുകളും മറ്റ സാധനസാമഗ്രികളും അടുക്കോടെയും ചിട്ടയോടെയും സൂക്ഷിക്കുക.
സമൂഹ ശുചിത്വം എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് നമ്മുടെ ചുറ്റും റോഡുകൾ കനാലുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ ജീവികൾ ആയ നാമെല്ലാവരും സഹകരിച്ചും ശ്രദ്ധിച്ചും ചെയ്യേണ്ട കാര്യങ്ങളാണ്. പൊതു സ്ഥലങ്ങളും കനാലുകളും വൃത്തിയില്ലാതെ കിടക്കുന്നത് പകർച്ചവ്യാധി പകർത്തുന്ന ഈച്ച, കൊതുക്, എലി എന്നിവയ്ക്ക് അനുകൂല ജീവിത സാഹചര്യമൊരുക്കും. ഇവയും പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കണം.
കുടുംബശ്രീ (കിളീ്യുാമശീി്ിഇൗരമശീി്ിഇീ്ാാാൗ്ിശരമശീി്ി) ഇത് കൊണ്ട് ഉദ്ദേശിക്കുന്നത് കാര്യങ്ങൾ അറിയുക, പഠിക്കുക, മറ്റുള്ളവരെയും ഒപ്പം നമ്മെ തന്നെയും സമ്പൂർണ്ണ ശുചിത്വത്തിൻറെ ആശയം പകർന്ന് നൽകുന്ന വക്താക്കളും പ്രവൃത്തി മണ്ഡലത്തിൽ എത്തിക്കുന്നവരും ആക്കി മാറ്റുക എന്നതാണ്.
കേരളത്തിൽ ശുചിത്വമാർന്ന സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും ആയ എല്ലാവർക്കും ശുചിത്വമാർന്ന കക്കൂസുകൾ നിർമ്മിച്ച് നൽകുക എന്നത് സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിൻറെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്.
ജില്ലാ സമ്പൂർണ്ണ ശുചിത്വ യജ്ഞം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് ആണ് ഇതിൻറെ ജില്ലയിലെ ഓഫീസ്. ഈ ഓഫീസും ഇതിൻറെ ജില്ലാതല കോ–ഓർഡിനേറ്ററും ആണ് മേൽപ്പറഞ്ഞിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നത്

4)റൂറൽ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെൻറ് ഫണ്ട് (ആർ.ഐ.ഡി.എഫ്)
നബാർഡ് 1995 96–ൽ ആരംഭിച്ചതാണ് ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി അഥവാ ആർ.ഐ.ഡി.എഫ് പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാന ഗവൺമെൻറ് രൂപകൽപ്പന ചെയ്യുന്ന ഗ്രാമീണ റോഡുകൾ പാലങ്ങൾ, ചെറുകിട ജലസേചനം ഉൾപ്പെടെയുള്ള ജലസേചനം, നീർമറി പ്രദേശ വികസനം എന്നിവയ്ക്ക് 12% പലിശ നിരക്കിൽ ദീർഘകാല വായ്പകൾ നബാർഡില് നിന്ന് നൽകി വരുന്നു. ഇപ്പോൾ പലിശ നിരക്ക് 6% മായി നിജപ്പെടുത്തിയിട്ടുണ്ട്.
ആദ്യം ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്ന് തുക ചിലവഴിക്കുകയും തുടർന്ന് നബാർഡില് നിന്ന് തുക വസൂലാക്കുകയും ആണ് പതിവ്.
5) എം.പി.മാരുടെ പ്രാദേശിക വികസന പരിപാടി (എം.പി.എൽ.എ.ഡി. എസ്)

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്നു. ഗുണഭോക്തൃ കമ്മിറ്റികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതികൾ എം.പി.മാർ നിർദ്ദേശിക്കുന്നു. ബ്ലോക്ക് തലത്തിൽ ബി.ഡി.ഒ.യാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

6) എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ട് (എം.എൽ.എ. എസ്.ഡി.എസ്)

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്നു. ഗുണഭോക്തൃ കമ്മിറ്റികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതികൾ എം.പി.മാർ നിർദ്ദേശിക്കുന്നു. ബ്ലോക്ക് തലത്തിൽ ബി.ഡി.ഒ. ആണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

7) ദേശീയ സമ്പാദ്യ പദ്ധതികൾ

വികസന പ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യ ശീലത്തിനുള്ളത്. ധനിക-ദരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരത സർക്കാര് ആവിഷ്കരിച്ചിട്ടുള്ള മുഖ്യ പരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി (നാഷണൽ സേവിംഗ് സ്കീം) ഈ പദ്ധതിയുടെ നടത്തിപ്പില് വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. പോസ്റ്റോഫീസ് ആവർത്തന നിക്ഷേപ (റെക്കറിംഗ് ഡെപ്പോസിറ്റ്)ത്തിലൂടെ ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നു.
ഇതിനായി എം.പി.കെ.ബി.വൈ (മഹിളാ പ്രധാൻ ക്ഷേത്രീയ ബചത്ത് യോജന) ഏജൻറ്മാരായി അർപ്പണ ബോധമുള്ള ഒരു കൂട്ടം വനിതകൾ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. എം.പി.കെ.ബി.വൈ ഏജൻറുമാരുടെ നിയമനം, പ്രവർത്തനം, മേൽനോട്ടം എന്നീ കാര്യങ്ങളിൽ ജനറൽ എക്സ്റ്റൻഷന് ഓഫീസർ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസറെ സഹായിക്കുന്നു.
കൂടാതെ കിസാൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി 8-ാം ഇഷ്യു, പബ്ലിക് പ്രൊവിഡണ്ട് ഫണ്ട്, പെൻഷന് നിക്ഷേപ പദ്ധതി, മാസവരുമാന പദ്ധതി, പോസ്റ്റോഫീസ് ടൈം ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് സ്കീം, സീനിയർ സിറ്റിസെൻ സേവിംഗ് സ്കീം, റിട്ടയർ ചെയ്ത കേന്ദ്ര സർക്കാര്, പൊതുമേഖല ഉദ്യോഗസ്ഥരുടെ നിക്ഷേപ പദ്ധതി 1992, എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് എസ്.എ.എസ് (സ്റ്റാൻറേർഡ് ഏജൻസി സിസ്റ്റം) ഏജൻറുമാരുടേയും ബ്ലോക്കുകളിലൂടെ നിയമിച്ചവരുന്നു. അഭ്യസ്ത വിദ്യരായ വനിതകൾക്ക് ഉപജീവന മാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വവും നൽകുന്നു എന്നതാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രത്യേകത.

8) പ്രധാൻമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)

പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയാണിത്. ഗ്രാമപ്രദേശങ്ങളിലെ രണ്ട് പ്രധാന റോഡുകളെ ബന്ധിപ്പിക്കുന്ന പ്രവർത്തികളാണ് ഏറ്റെടുക്കുന്നത്. സ്ഥലം എം.പി. അംഗീകരിച്ച് മൻഗണനാ ലിസ്റ്റിൽ റോഡുകൾ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൻറെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. സംസ്ഥാനതല ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്ര ഗവൺമെൻറ് ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് മുഖേന പദ്ധതി നടപ്പിലാക്കുന്നു.

10) വാർഷിക പദ്ധതി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ച് പൊതു വിഭാഗം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ മേഖലകളിൽ സർക്കാര് മാനദണ്ഡങ്ങൾക്ക് വിധേയമായി വികസന പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നു.

11) മെയിൻറനൻസ് ഫണ്ട് (എം.എഫ്)

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണിക്കായി ലഭിക്കുന്ന പദ്ധതി വിഹിതമാണ് മെയിൻറനൻസ് ഫണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നു.

12) പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക സഹായം

ദാരിദ്ര്യ രേഖക്ക് താഴെയുള്ള പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽ പരിശീലനത്തിനും വരുമാന വർദ്ധക തൊഴിൽ സംരംഭത്തിനും വികസന പ്രവർത്തനങ്ങളിലെ ഒഴിച്ചുകൂടാനാകാത്ത പോരായ്മകൾ നികത്തുന്നതിനും ലക്ഷ്യമിട്ട് പ്രത്യേക കേന്ദ്ര സഹായമായി ലഭിക്കുന്ന പദ്ധതിയാണിത്. പദ്ധതി നിർദ്ദേശങ്ങള് പട്ടികജാതി വികസന ഓഫീസർ മുഖേന ജില്ലാ പ്ലാനിംഗ് ഓഫീസിന് സമർപ്പിക്കണം. പദ്ധതിക്കുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ പദ്ധതി നടപ്പാക്കുന്നു.

13) പശ്ചിമഘട്ട വികസന പദ്ധതി (ഡബ്ലു. ജി. ഡി. പി.)

ഗതാഗത സൗകര്യം ഇല്ലാത്ത മേഖലകളിൽ ഈ പദ്ധതി പ്രകാരം ഫൂട്ട്ബ്രിഡ്ജുകളും നടപ്പാതകളും നിർമ്മിക്കുന്നു. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും പദ്ധതി ശുപാർശ ചെയ്യുന്നു.

14) കോർപ്പസ് ഫണ്ട്

പട്ടികവർഗ്ഗം/പട്ടികജാതി വിഭാഗങ്ങളുടെ മേഖലകളിൽ സമഗ്ര വികസനത്തിനായി സേവന/പശ്ചാത്തല മേഖലയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, വേങ്ങര മുഖേന ലഭ്യമാകുന്ന സേവനങ്ങൾ

1. ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് അംഗീകാരം നൽകൽ

2. എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്, ഗ്രാമ പഞ്ചായത്തുകളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകൽ

3. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ പദ്ധതികളുടെ നിർവ്വഹണം, എം.പി ഫണ്ട്, എം.എൽ.എ ഫണ്ട് പദ്ധതികളുടെ നിർവ്വഹണം എന്നിവ

4. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മാനദണ്ഡപ്രകാരം അനുവദിക്കൽ

5. കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും വില നിർണ്ണയപത്രവും 21-ാം ഫോറത്തിലുള്ള സർവ്വേ റിപ്പോർട്ടും

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, വേങ്ങര ബ്ലോക്ക് പഞ്ചായത്ത്,
വേങ്ങര പോസ്റ്റ് – 676304, ഫോൺ – 0494-2450283 E mail –

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
എൽ.എസ്.ജി.ഡി ഡിവിഷൻ, മലപ്പുറം ജില്ലാ പഞ്ചായത്ത്,
സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ – 0483 2739924

കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ്, മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പാക്കുന്നു. നെൽകൃഷിക്ക് കൂലിച്ചിലവ്, പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങള് മുതലായവ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് സഹായം, വന്യമൃഗശല്യത്തിനെതിരെ സൌരവേലി, വാണിജ്യ പച്ചക്കറി കൃഷി ഗ്രൂപ്പുകൾക്ക് വിത്ത് വിതരണം, ഡ്രോൺ ഉപയോഗിച്ച് മരുന്ന് തളിക്കൽ, കൃഷിശ്രീ കാർഷിക സേവനം ശക്തിപ്പെടുത്തൽ, വേങ്ങര ബ്ലോക്കിലെ കർഷകരില് നിന്ന് ഉൽപന്നങ്ങള് സംഭരിച്ച് മൂല്യ വർദ്ദിത ഉൽപന്നം തയ്യാറാക്കല് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നു.

കൃഷിവകുപ്പ് പദ്ധതികൾ

കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണം കൃഷിഭവന് മുഖാന്തരമാണ്. കർഷകര് അപേക്ഷ സമർപ്പിക്കേണ്ടതും ബന്ധപ്പെടേണ്ടതും അതത് പഞ്ചായത്തുകളിലെ കൃഷിഭവനുകളെയാണ്. കർഷകര് കൃഷിഭവനുകളില് സമർപ്പിക്കുന്ന അപേക്ഷകളില് കൃഷി ഓഫീസർ സ്ഥല പരിശോധന നടത്തി ക്ലയിം സ്റ്റേറ്റ്മെൻറ് തയ്യാറാക്കി കൃഷി അസിസ്റ്റൻറ് ഡയരക്ടറുടെ കാര്യാലയത്തിലേക്ക് സമർപ്പിക്കുകയും കൃഷി അസിസ്റ്റൻറ് ഡയരക്ടര് പ്രിൻസിപ്പല് കൃഷി ഓഫീസറുടെ കാര്യാലയത്തില് നിന്നും ഫണ്ട് അലോട്ട്മെൻറ് ലഭ്യമാക്കി ട്രഷറിയിൽ ബില്ല് സമർപ്പിച്ച് തുക ഗുണഭോക്താക്കളായ കർഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. കൃഷിഭവനുകളുടെ നിയന്ത്രണാധികാരിയും കൃഷിഭവൻ തല പദ്ധതി നടത്തിപ്പ് അവലോകനം ചെയ്ത് പദ്ധതി കൃത്യമായിട്ടും സമയബന്ധിതമായും നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയാണ് കൃഷി അസിസ്റ്റൻറ് ഡയരക്ടർക്കുള്ളത്. കൂടാതെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും കർഷകർക്ക് പരാതിയുണ്ടെങ്കില് കൃഷി അസിസ്റ്റൻറ് ഡയര്കടറെയാണ് സമീപിക്കേണ്ടത്.

നെൽകൃഷി വികസന പദ്ധതി

നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികള് ഉൾക്കൊള്ളുന്നു. നിലവിലുള്ള നെൽവയലുകൾ സംരക്ഷിക്കുകയും ഗ്രൂപ്പ് കൃഷി രീതിയിലൂടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുകയും ചെയ്യുന്നതിന് വിത്ത് ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നു. കൃഷിയോഗ്യമായ നെൽപ്പാടങ്ങൾ നിലനിർത്തുന്നതിനായി ഭൂമിയുടമകൾക്ക് വാർഷിക റോയൽട്ടി നൽകുകയും തരിശ് ഭൂമി വീണ്ടും നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനായി സാമ്പത്തിക പിന്തുണ നൽകുകയും ചെയ്യുന്നു. പൊക്കാളി, ഞവര, ജീരകശാല തുടങ്ങിയ പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സർട്ടിഫൈഡ് വിത്തുകളുടെ ഉൽപാദനം ഉറപ്പാക്കുന്നു. ഗ്രൂപ്പ് കൃഷി ശക്തിപ്പെടുത്തുന്നതിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം നൽകുകയും ജലസേചനം, ഡ്രെയിനേജ്, യന്ത്രങ്ങൾ, റൈസ് മില്ലുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ നെൽകൃഷിയുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനായി ഡ്രോൺ ഉപയോഗിച്ച് മൈക്രോ പോഷകങ്ങളുടെ ഫോളിയർ സ്പ്രേയും പ്രോത്സാഹിപ്പിക്കുന്നു.

സമഗ്ര പച്ചക്കറി ഉൽപാദന പദ്ധതി

പച്ചക്കറി ക്ലസ്റ്ററിന് ധനസഹായം, ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, സൂക്ഷ്മകൃഷി പദ്ധതി, പച്ചക്കറി ക്ലസ്റ്ററുകൾക്ക് സഹായം, തരിശ് നിലകൃഷിക്കുള്ള സഹായം, കർഷകർക്കുള്ള പരിശീലന പദ്ധതി, ടെറസ്സുകളിലും മട്ടുപ്പാവുകളിലും പച്ചക്കറി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി, ഹൈഡ്രോപോണിക് കൃഷിരീതി തുടങ്ങിയവ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു.

ആത്മ പദ്ധതികൾ

വിജ്ഞാന വ്യാപനം നടത്തുന്നതിനുള്ള പദ്ധതികൾ ആത്മ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. വയൽ വിദ്യാലയങ്ങൾ, പ്രദർശനത്തോട്ടങ്ങൾ, ജില്ലക്കും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള നല്ല കർഷകരുടെ കൃഷിയിടങ്ങളിലുള്ള സന്ദർശന പരിപാടി, സംയോജിത കൃഷിത്തോട്ട നിർമ്മാണത്തിന് ധനസഹായം നൽകല്, നൂതനകൃഷിരീതികൾ മാതൃകാപരമായി സ്വീകരിക്കുന്ന കർഷകർക്ക് പ്രോത്സാഹനധനസഹായം നൽകല്, വിവിധ കാർഷിക രംഗങ്ങളില് അവാർഡ് വാങ്ങിയ കർഷകരെ കൂടുതല് അറിവും ടെക്നോളജിയും കാണുന്നതിനും പരിശീലനം നേടുന്നതിനും സംസ്ഥാനത്തിന് പുറത്ത് കൊണ്ട് പോകല്, കർഷക ഗ്രൂപ്പുകള് ഉണ്ടാക്കി അവയുടെ ശാക്തീകരണം, കർഷകരുടെ കണ്ടുപിടുത്തങ്ങളുടെ പ്രചരണവും പ്രോത്സാഹിപ്പിക്കലും, കാർഷിക മേഖലയിലെ തന്നെ ഡയറി, വെറ്റിനറി തുടങ്ങിയവയെ ഒരു പ്ലാറ്റ്ഫോമിൽ അണിനിരത്തി മേളകൾ, എക്സിബിഷനുകൾ എന്നിവ നടത്തല് തുടങ്ങി കാർഷികമേഖയിലെ വിജ്ഞാനവ്യാപന പരിപാടികൾ സംഘടിപ്പിക്കുന്ന ഏജൻസിയാണ് ആത്മ.

ക്രോപ്പ് ഹെൽത്ത് മാനേജ്മെൻറ്

ഈ പദ്ധതിയുടെ ഭാഗമായി കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ ഉണ്ടാകുന്ന കീട-രോഗങ്ങൾ പെട്ടെന്ന് തന്ന കണ്ടെത്തി ആയതിനുള്ള പരിഹാരം നിർദ്ദേശിക്കുന്നതിന് സാധിക്കുന്നു. വിള ആരോഗ്യ ക്ലിനിക്കിൽ കർഷകര് അവരുടെ വിളകളുടെ സാമ്പിളുമായി എത്തി ആയത് കൃഷി ഓഫീസർ പരിശോധിച്ച് ആയതിനുള്ള ശുപാർശയും മരുന്നും ലഭ്യമാക്കുന്നു.

PM-കിസാൻപദ്ധതി

PM-കിസാൻ (പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി) കർഷകർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഒരു വരുമാന സഹായ പദ്ധതിയാണ്. സ്വന്തമായി കൃഷിഭൂമിയുള്ള ചെറുകിട - നാമമാത്ര കർഷകര് ഇതിന്റെ ഗുണഭോക്താക്കളാണ്.ഈ പദ്ധതിയുടെ ഭാഗമായി അർഹരായ കർഷകർക്ക് പ്രതിവർഷം ₹6000 രൂപ മൂന്ന് തവണയായി നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. കൃഷിചെലവുകൾ നിറവേറ്റാനും കർഷകരുടെ സാമ്പത്തിക സ്ഥിരത ഉറപ്പാക്കാനും സഹായിക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

നാളികേര വികസന പദ്ധതി - കേരഗ്രാം

നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ശാസ്ത്രീയ പരിപാലനം, സംയോജിത പോഷകവും കീട-രോഗ നിയന്ത്രണവും, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തൈകള് നടീല് എന്നിവ നടപ്പാക്കുന്നു. തോട്ടഭൂമിയുടെ

പരമാവധി ഉപയോഗത്തിനായി ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഡ്രിപ്പ് ഇറിഗേഷൻ പോലുള്ള ജലസേചന സംവിധാനങ്ങൾ വികസിപ്പിച്ച് ജല ഉപയോഗ കാര്യക്ഷമത മെച്ചപ്പെടുത്തുന്നു.

കേരസമൃദ്ധി പദ്ധതി

കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായ് കർഷകരിൽ നിന്നും വിത്ത് തേങ്ങ ശേഖരിക്കച്ച് ഫാമുകളിൽ തൈകൾ ഉൽപാദിപ്പിക്കുന്ന പദ്ധതി

കൂൺഗ്രാമം പദ്ധതി

കേരളത്തിൽ കൂൺ കൃഷിയെ സമഗ്രമായി വികസിപ്പിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തില് കൂൺ ഗ്രാമങ്ങൾ രൂപീകരിക്കുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ചെറുതും വലുതുമായ ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതോടൊപ്പം സ്പോൺ നിർമ്മാണ യൂണിറ്റുകൾ, കമ്പോസ്റ്റ് യൂണിറ്റുകൾ, പാക്ക് ഹൗസുകൾ, സംരക്ഷണ യൂണിറ്റുകൾ എന്നിവ ഉൾപ്പെടുത്തി ഉൽപാദനം മുതൽ പ്രോസസ്സിംഗും വിപണനവും വരെ ഉൾക്കൊള്ളുന്ന സമ്പൂർണ്ണ മൂല്യ ശൃംഖല വികസിപ്പിക്കുന്നു.

MIDH പദ്ധതികൾ

ഹോർട്ടിക്കൾച്ചറൽ വിളകളുടെ സമഗ്ര വികസനത്തിനായി ഉൽപാദനം മുതൽ പ്രോസസ്സിംഗ്, മൂല്യവർധന, വിപണനം വരെ ഉൾക്കൊള്ളുന്ന ഏകോപിത സമീപനം സ്വീകരിക്കുന്നു. ഉയർന്ന നിലവാരമുള്ള തൈകളുടെ ലഭ്യത, പുതിയ തോട്ടങ്ങളുടെ സ്ഥാപനം, പഴയ തോട്ടങ്ങളുടെ നവീകരണം, സംയോജിത പോഷകവും കീട-രോഗ നിയന്ത്രണവും പ്രോത്സാഹിപ്പിക്കുന്നു. ജലസേചന സൗകര്യങ്ങളുടെ വികസനം, സംരക്ഷിത കൃഷി, ജൈവകൃഷി, പോസ്റ്റ്-ഹാർവെസ്റ്റ് മാനേജ്മെന്റ്, സംഭരണവും പ്രോസസ്സിംഗും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നു. കൂടാതെ കർഷക പരിശീലനം, സാങ്കേതിക പിന്തുണ, ക്ലസ്റ്റർ അടിസ്ഥാന വികസനം, വിപണന ബന്ധം എന്നിവ വഴി കർഷകരുടെ വരുമാനം വർധിപ്പിക്കുകയും തോട്ടകൃഷിയെ സുസ്ഥിരവും ലാഭകരവുമായ മേഖലയാക്കി മാറ്റുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സുഗന്ധവിള കൃഷി പ്രോൽസാഹനം

സുഗന്ധവിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷി വിസ്തൃതി വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മെച്ചപ്പെട്ട ഇനങ്ങൾ ഉപയോഗിച്ച് പുതിയ കൃഷിയിടങ്ങൾ വികസിപ്പിക്കുകയും നിലവിലുള്ള തോട്ടങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സംയോജിത കൃഷി മാനേജ്മെന്റ് രീതികൾ പ്രോത്സാഹിപ്പിക്കൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു.

പഴങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ വികസന പദ്ധതി

ഈ പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ വ്യാപാരാടിസ്ഥാനത്തിലുള്ള പഴകൃഷി വികസിപ്പിക്കുകയാണ് ലക്ഷ്യം. സ്വദേശിയും വിദേശവുമായ വിവിധ പഴ ഇനങ്ങളുടെ കൃഷി വിസ്തൃതി വർധിപ്പിച്ച് ഉൽപാദനവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുകയും കർഷക വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നു. അവക്കാഡോ, മാമ്പഴം, ചക്ക, ഡ്രാഗൺ ഫ്രൂട്ട്,

പൈനാപ്പിൾ, റാംബൂട്ടാൻ തുടങ്ങിയ വിവിധ പഴ ഇനങ്ങൾ ഉൾപ്പെടുത്തി പുതിയ പഴ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നു.

വിള വൈവിധ്യവത്കരണ പദ്ധതി

ഈ പദ്ധതി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനായി വിള വൈവിധ്യവത്കരണവും പുതിയ വിളകളുടെ പ്രോത്സാഹനവും ലക്ഷ്യമിടുന്നു. നെൽകൃഷിക്ക് പുറമെ പയർവർഗങ്ങൾ, എണ്ണവിളകൾ, ചെറുധാന്യങ്ങൾ, വെറ്റില എന്നിവയുടെ കൃഷി വ്യാപിപ്പിച്ച് തരിശ് ഭൂമിയും തെങ്ങിൻ തോട്ടങ്ങളുടെ ഇടക്കുള്ള സ്ഥലങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. പയർകൃഷി, എള്ള് കൃഷി, ചെറുധാന്യ കൃഷി, വെറ്റില കൃഷി എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു.

ജൈവ കൃഷി പദ്ധതി

കേരളത്തിൽ ജൈവ കൃഷിയും ഉത്തമകൃഷി മുറകളും (GAP) പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയാണ് ഇത്. കർഷകർക്ക് NPOP മാനദണ്ഡങ്ങൾ പ്രകാരം സർട്ടിഫിക്കേഷൻ ലഭിക്കാൻ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുകയും GAP ക്ലസ്റ്ററുകൾ രൂപീകരിച്ച് സുരക്ഷിത ഭക്ഷ്യ ഉൽപാദനം ഉറപ്പാക്കുകയും ചെയ്യുന്നു. ജൈവ ഉൽപ്പന്നങ്ങൾക്ക് വിപണന പിന്തുണ നൽകുന്നതിനായി Keralagro ബ്രാൻഡിലൂടെ വിപണന സംവിധാനം ശക്തിപ്പെടുത്തുന്നു.

ഫാം പ്ലാൻ അധിഷ്ഠിത കൃഷി

ഓരോ കർഷകന്റെയും കൃഷിയിടത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് തയ്യാറാക്കുന്ന വ്യക്തിഗത വികസന പദ്ധതിയാണിത്. മണ്ണിന്റെ സ്വഭാവം, ജലലഭ്യത, നിലവിലെ വിളകൾ, ലഭ്യമായ വിഭവങ്ങൾ എന്നിവ വിലയിരുത്തി ശാസ്ത്രീയ കൃഷി രീതികൾ ഉൾപ്പെടുത്തിയ പ്ലാൻ തയ്യാറാക്കുന്നു. വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കുന്നതിനോടൊപ്പം വിള വൈവിധ്യം, ഇടവിള, മൂല്യവർധന പ്രവർത്തനങ്ങൾ എന്നിവയിലൂടെ കർഷക വരുമാനം വർധിപ്പിക്കുകയാണ് ലക്ഷ്യം. വ്യക്തിഗത ഫാം പ്ലാനുകൾ ക്ലസ്റ്റർ തലത്തിൽ ഏകോപിപ്പിച്ച് കൂട്ടായ്മ അടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കുകയും പരിശീലനം, ഉൽപാദന സഹായം, സാമ്പത്തിക പിന്തുണ എന്നിവ നൽകുകയും ചെയ്യുന്നു.

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി

60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാനം 1600 രൂപ പെൻഷനായി നൽകുന്നു. കർഷക ക്ഷേമവും സുരക്ഷയും മുൻനിർത്തിയുള്ള പദ്ധതിയാണിത്.

കാർഷിക വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി 27 ഇനം വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതി ക്ഷോഭം മൂലമുള്ള വിളനാശം, വന്യമൃഗങ്ങൾ കാർഷിക വിളകളെ നശിപ്പിക്കുന്നതിനും കർഷകർക്ക് ആശ്വാസം.

പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില

തെരഞ്ഞെടുത്ത 16 ഇനം – പഴം, പച്ചക്കറികളുടെ വില നിർദ്ദിഷ്ട വിലയേക്കാൾ താഴുന്ന സാഹചര്യത്തിൽ അവ കർഷകരിൽ നിന്ന് സംഭരിച്ച് അടിസ്ഥാന വില ബാങ്ക് അക്കൌണ്ടിലേക്ക് നൽകുന്ന പദ്ധതി.

കാർഷിക അടിസ്ഥാന സൌകര്യ നിധി

കാർഷിക അടിസ്ഥാന സൗകര്യ മേഖലയിൽ കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച വായ്പാ ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യവികസന നിധി അഥവാ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF). ഈ പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ യൂണിറ്റുകൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുവാൻ കഴിയും. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള വിളകളുടെ നഷ്ടം പരമാവധി കുറയ്ക്കുവാനും ഈ പദ്ധതി സഹായകരമാണ്.

ഡിജിറ്റൽ ക്രോപ്പ് സർവേ

ഡിജിറ്റൽ ക്രോപ്പ് സർവേ കർഷകർ കൃഷി ചെയ്യുന്ന വിളകളുടെ വിവരങ്ങൾ മൊബൈൽ ആപ്പിലൂടെ ശേഖരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ശേഖരിക്കുന്ന വിവരങ്ങൾ കൃത്യമായ കാർഷിക ആസൂത്രണത്തിനും സർക്കാർ പദ്ധതികളുടെ ഫലപ്രദമായ നടപ്പാക്കലിനും സഹായിക്കുന്നു. കൃത്യമായ വിളവിവരങ്ങൾ ലഭിക്കുന്നതിലൂടെ കർഷകർക്ക് വിവിധ സർക്കാർ ആനുകൂല്യങ്ങളും സേവനങ്ങളും സമയബന്ധിതമായി ലഭ്യമാക്കാൻ ഇത് സഹായകമാകുന്നു.

ദേശീയ പ്രകൃതി കൃഷി മിഷൻ

രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം കുറച്ച് പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ പ്രകൃതി കൃഷി മിഷൻ. കർഷകർക്ക് പരിശീലനം, പ്രദർശന പ്ലോട്ടുകൾ, സാങ്കേതിക മാർഗനിർദേശങ്ങൾ എന്നിവ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സുരക്ഷിതമായ ഭക്ഷ്യോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ഈ മിഷൻ ലക്ഷ്യമിടുന്നു.

വേങ്ങര ബ്ലോക്ക് കൃഷിശ്രീ കാർഷിക സേവന കേന്ദ്രം

കൃഷിക്കാവശ്യമായ വിവിധ ഉൽപാദനോപാധികൾ ഗുണമേന്മ ഉറപ്പ് വരുത്തി ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപിതമായിട്ടുള്ളതും കൃഷിവകുപ്പിൻറെ നേരിട്ടുള്ള നിയന്ത്രണത്തിലും ബ്ലോക്ക് പഞ്ചായത്തുകളുടെ മേൽനോട്ടത്തിലും പ്രവർത്തിക്കുന്നതുമായ സ്ഥാപനമാണ് കൃഷിശ്രീ കാർഷിക സേവന കേന്ദ്രം. ബ്ലോക്ക് പരിധിയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത്തല പ്രവർത്തി സേനകളുടെ ബ്ലോക്ക് തലത്തിലുള്ള അപെക്സ് സംവിധാനമാണ് കൃഷിശ്രീ കാർഷിക സേവന കേന്ദ്രം. കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ മേൽനോട്ടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

ഓഫീസ് മേൽവിലാസം
കൃഷി അസിസ്റ്റൻറ് ഡയരക്ടറുടെ കാര്യാലയം
വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ട്
വേങ്ങര പി.ഒ, മലപ്പുറം
ഫോൺ – 9383471694
ഇ–മെയിൽ – adavangara.agri@kerala.gov.in

ജില്ലാ ഓഫീസ് മേൽവിലാസം
പ്രിൻസിപ്പൽ കൃഷിഓഫീസർ
സിവിൽ സ്റ്റേഷൻ, മലപ്പുറം
ഫോൺ നമ്പർ – 04832734916
ഇ മെയിൽ – paomalprm.agri@kerala.gov.in

ശിശുവികസനസേവനപദ്ധതിഓഫീസ് മുഖേനനടപ്പിലാക്കുന്നപദ്ധതികൾ

1.ഐ.ഇ.സി.

പ്രോജക്ട്തലത്തിലും, അങ്കണവാടിതലത്തിലും,
വിവരവിനിമയവിദ്യാഭ്യാസപ്രവർത്തനങ്ങളുടെഭാഗമായിബോധവൽക്കരണക്ലാസുകളുംപരിശീലനംപരിപാടികളുംസംഘടിപ്പിക്കുന്നു.

2.ECCE
ശൈശവപൂർവ്വകാലപരിചരണവും, വിദ്യാഭ്യാസവും 6
വയസ്വരെപ്രായമുള്ളകുട്ടികളുടെസമഗ്രവികസനവും, വിദ്യാഭ്യാസവും,
അമ്മമാർക്കുള്ളബോധവൽക്കരണക്ലാസുകളുംസംഘടിപ്പിക്കുന്നു.

3.അഭയകിരണം

വിധവകളുംഅഗതികളുമായ 50
വയസ്സിന്താഴെയുള്ളസ്ത്രീകളെസംരക്ഷിയ്ക്കുന്നവർക്കുവേണ്ടിയുള്ളധനസഹായപദ്ധതി

4. വിദൂരവിദ്യാഭ്യാസംവഴിഡിഗ്രി, പിജികോഴ്സുകൾചെയ്യുന്നഅംഗപരിമിതർക്കുള്ളസ്കോളർഷിപ്പ്.

5. മംഗല്യ

വിധവകളായസ്ത്രീകളുടെപുനർവിവാഹത്തിനുള്ളധനസഹായപദ്ധതി.

6. ആരോഗ്യപോഷണവിദ്യാഭ്യാസം

11 നും 19
നുംഇടയിൽപ്രായമുള്ളപെൺകുട്ടികൾസ്ത്രീകൾഎന്നിവർക്കുള്ളബോധവൽക്കരണക്ലാസ്സുകള്

7.വളർച്ചാനിരീക്ഷണം

ജനനംമുതൽ 5
വയസ്സവരെപ്രായമുള്ളകുട്ടികളുടെവളർച്ചാനിരക്ക്പരിശോധിയ്ക്കുകയുംരേഖപ്പെടുത്തുകയുംചെയ്യുന്നു. അങ്കണവാടികൾവഴിഈസേവനംലഭ്യമാണ്.

8. രോഗപ്രതിരോധകുത്തിവെയ്പ്പ്

കുട്ടികൾ,കൗമാരപ്രായക്കാർ,ഗർഭിണികൾഎന്നിവർക്കുള്ളരോഗപ്രതിരോധകുത്തിവെയ്പ്പുകൾഅങ്കണവാടികളിൽആരോഗ്യപ്രവർത്തകരുടെസഹായത്തോടെലഭ്യമാക്കുന്നു.

9.ആശ്വാസകിരണം

കിടപ്പിലായ രോഗികളെയും ഗുരുതരമായ ശാരീരികമോ ബുദ്ധിപരമോ ആയ വൈകല്യമുള്ളവരെയും പരിചരിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

10. അനുപൂരകപോഷകാഹാരം

ഗർഭിണികൾമുലപ്പാലൂട്ടുന്നഅമ്മമാര്, 6 മാസത്തിനും 6 വയസ്സിനുംഇടയിലുള്ളകുട്ടികൾ, അങ്കണവാടിയിൽപ്രീസ്കൂൾക്ലാസ്സിന്രജിസ്റ്റർചെയ്തകുട്ടികള്, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പൂരകപോഷകാഹാരം ലഭ്യമാക്കുന്നപദ്ധതി

11. അനൗപചാരികപ്രീ-സ്കൂൾവിദ്യാഭ്യാസം

മൂന്നുവയസ്സിനുമുകളിലുള്ളകുട്ടികൾക്ക്അങ്കണവാടികൾവഴിഅനൗപചാരികവിദ്യാഭ്യാസംനൽകുന്നപദ്ധതി

12. വനിതകൾഗൃഹനാഥകാളായുള്ളകുടുംബങ്ങളിലെകുട്ടികൾക്കുവിദ്യാഭ്യാസധനസഹായം

ബി.പി.എൽവിഭാഗത്തിൽഉൾപ്പെടുന്നവനിതകൾഗൃഹനാഥകളായുള്ളകുടുംബത്തിലെകുട്ടികൾക്കുമാത്രമാനസർട്ടിഫിക്കറ്റ്,
വിദ്യാഭ്യാസസ്ഥാപനമേധാവിയുടെശുപാർശക്കത്ത്എന്നിവയുടെഅടിസ്ഥാനത്തിൽധനസഹായംനൽകുന്നപദ്ധതി

13. സ്വാവലംബൻപദ്ധതി

ശാരീരികമാനസികവെല്ലുവിളികൾനേരിടുന്നവ്യക്തിയ്ക്കുംകുടുംബത്തിനുംനൽകുന്നആരോഗ്യഇൻഷുറൻസ്പദ്ധതി.

14. മന്ദഹാസം

അറുപത്വയസ്സ്കഴിഞ്ഞബി.പി.എൽഅംഗങ്ങളായമുതിർന്നപൗരൻമാർക്ക്കൃത്രിമദന്തനിരവെയ്ക്കുവാനുള്ളധനസഹായംനൽകുന്നപദ്ധതി.

15. പ്രധാനമന്ത്രിയുടെമാതൃവന്ദനയോജനപദ്ധതി

പത്തൊൻപത്വയസ്സ്പൂർത്തിയായഗർഭിണികളായവർക്ക്ആദ്യത്തെപ്രസവത്തിന്ധനസഹായംനൽകുന്നപദ്ധതി.

16. പടവുകൾ

വിധവകളായ അമ്മമാരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവ കണ്ടെത്താനാകും.

വിലാസം ജില്ലാഓഫീസ്

ശിശുവികസനപദ്ധതിഓഫീസർ,
ശിശുവികസനപദ്ധതിഓഫീസ്, വേങ്ങര,
ബ്ലോക്ക്കോമ്പൗണ്ട്, വേങ്ങരപോസ്റ്റ്, 676304
mail:icdsvengara@gmail.com
ഫോൺ: 04942450276

ജില്ലാവനിതാ ശിശുവികസനഓഫീസർ
ജില്ലാവനിതാ ശിശുവികസനഓഫീസ്
സിവിൽസ്റ്റേഷന്,മലപ്പുറംE
E mail:dwcdompm@gmail.com
ഫോൺ : 0483 2730084

പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. പ്രി-മെട്രിക് ലംപ്സം ഗ്രാൻറ്

എയ്ഡഡ്/സർക്കാർ സ്കൂളുകളില് ഒന്നുമുതല് പത്താം ക്ലാസ്സ് വരെ പഠിയ്ക്കുന്ന പട്ടികജാതി/മറ്റ് അർഹ വിഭാഗത്തിലുള്ള കുട്ടികൾക്ക് നൽകുന്ന പഠനധന സഹായം

2. പ്രീ മെട്രിക് സ്റ്റൈപ്പൻറ് - വേടന്,വേട്ടുവൻ നായാടി

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളില് പഠിയ്ക്കുന്ന വേടന്, വേട്ടുവന്, നായാടി വിഭാഗത്തില് ഉൾപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പഠനധന സഹായം

3. ഭൂരഹിത പുനരധിവാസ പദ്ധതി

സ്വന്തമായോ കുടുംബപരമായോ ഭാര്യയക്കോ ഭർത്താവിനോ ഭൂമി കൈവശമില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിവാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി

4. ഭവന നിർമ്മാണ ധനസഹായം

സ്വന്തമായി വീടില്ലാത്തവരോ, വാസയോഗ്യമായ വീടില്ലാത്തവരോ ആയ സ്വന്തമായി ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബങ്ങളായിരിയ്ക്കണം. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടണം

5. വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള സാമ്പത്തിക സഹായം

ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽനിന്ന് ലഭിച്ച തൊഴില് കരാര് പത്രം, വിസ, ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിയ്ക്കുന്ന പട്ടിക ജാതിക്കാരായ യുവതീ യുവാക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

6. സ്വയം തൊഴിൽ പദ്ധതി

ഏഴാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ള അൻപത് വയസ്സിൽതാഴെയുള്ള പട്ടിക ജാതിക്കാർക്ക് സ്വയം തൊഴില് ധനസഹായം നൽകുന്ന പദ്ധതി

7. അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സർക്കാർ/എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന ധന സഹായം.

8. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം

പ്ലസ് ടു സയൻസ് വിഷയമെടുത്ത് പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തില് ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനം നൽകുന്ന പദ്ധതി

9. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധന സഹായപദ്ധതി.

10. മിശ്ര വിവാഹ ധനസഹായം

അന്യജാതിക്കാരെ വിവാഹം ചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് സഹായധനം നൽകുന്ന പദ്ധതി

11.പാരലൽ കോളേജിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം

പാരലൽ കോളേജുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തില് ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായ പദ്ധതി.

12. പ്രീ-പ്രൈമറി എജ്യൂക്കേഷൻ എയിഡ്

എയിഡഡ്/ സർക്കാർ സ്കൂളുകളില് പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തില് ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ധനസഹായം

.13. പ്രത്യേക പ്രോത്സാഹന സമ്മാനം

എസ്.എസ്.എൽ.സി, പ്ലസ് ടു, ടി.ടി.സി, ഡിപ്ലോമ, ഡിഗ്രി, പി.ജി പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന പ്രോത്സാഹന ധന സഹായ പദ്ധതി.

ക്ഷീരവികസന ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി

തീറ്റച്ചെലവ് കുറച്ച് ക്ഷീരോലപ്പാദനം ലാഭകരമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

കേരളത്തിലെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച നല്ല വിളവ് തരുന്ന പോഷക സമൃദ്ധമായ തീറ്റപ്പുല്ലിനങ്ങള് പ്രചരിപ്പിയ്ക്കാൻ ധന സഹായം നൽകുന്നു.

മേൻമയുള്ള പുൽവിത്തിനങ്ങൾ തീറ്റപ്പുൽത്തണ്ടുകൾ വേലിയായി വളർത്താൻ സാധിയ്ക്കുന്ന വൃക്ഷവിളകളുടെതൈകൾ എന്നിവ വർഷം തോറും സബ്സിഡി നിരക്കിൽ നൽകുന്നു.

20 സെൻറോ അതിലധികമോ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നവർക്ക് പുൽക്കട ഉൾപ്പെടെ ഹെക്ടർ ഒന്നിന് 13750 രൂപ സഹായം നൽകുന്നു.

അസോള കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നു..

ഹ്രസ്വ വിളകളായ ചോളം, വൻപയര് എന്നിവ കൃഷി ചെയ്യുന്നതിനുള്ള വിത്തുകള് സൗജന്യമായി വിതരണം ചെയ്യുന്നു.

തീറ്റപ്പുൽകൃഷിയുടെ യന്ത്രവൽക്കരണത്തിനായി പമ്പ്സെറ്റുകള്, സ്പ്രിംഗ്ലര്, ചാഫ്കട്ടര്, മുതലായവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

തീറ്റപ്പുൽകൃഷിയുടെ വികസനത്തിലൂടെ സ്വയംതൊഴില് കണ്ടെത്തല്, വനിതാ ശാക്തീകരണം, എന്നിവ ലക്ഷ്യം വെച്ച് ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിയ്ക്കുന്ന വനിതാ ഗോപാലികാ ഗ്രൂപ്പുകൾ മുഖേന തീറ്റപ്പുൽകൃഷി, സംഭരണം, വിതരണം എന്നിവ നടപ്പിലാക്കുന്നു.

2. മിൽക്ക്ഷെഡ് വികസന പദ്ധതി

ക്ഷീരോൽപ്പാദന മേഖലയിലേയ്ക്ക് കൂടുതല് കർഷകരെയും സംരഭകരെയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടുവരുക, കർഷകരില് കാലിവളർത്തലില് ശാസ്ത്രീയ രീതികള് സ്വീകരിയ്ക്കുന്നതിനുള്ള അവബോധം സൃഷ്ടിയ്ക്കുക, സം സ്ഥാനത്തെ പാലുൽപാദനത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുക എന്നിവ യാണ് മിൽക്ക്ഷെഡ് വികസന പരിപാടികൊണ്ട് ലക്ഷ്യമാക്കുന്നത്.

2/5/10/20 എണ്ണം വീതമുള്ള പശു തുടങ്ങിയ യൂണിറ്റുകളും 5/10 വീതമുള്ള കിടാരി വളർത്തല് യൂണിറ്റുകളും സ്ഥാപിയ്ക്കുന്നതിന് ധനസഹായം നൽകുന്നു.

കറവയന്ത്രം വാങ്ങാൻ ധന സഹായം നൽകുന്നു.

യന്ത്രങ്ങൾ ഉപയോഗിച്ച് ഫാമിലെ പ്രവർത്തനം കാര്യക്ഷമമാക്കാന് ആവശ്യമുള്ള ആധുനിക സൗകര്യങ്ങൾക്ക് – റബ്ബർമാറ്റ്, ഓട്ടോമാറ്റിക് കുടിവെള്ള സംവിധാനം, സ്പ്രിംഗ്ലർ സ്റ്റാറിപമ്പ്, ജനറേറ്റർ, പ്രഷര് വാഷര്, ഗ്രൂമിംഗ്ബ്രഷ്, മിസ്റ്റ് സ്പ്രേ, ഫാൻ, ബയോഗ്യാസ്, യൂറിന് പിറ്റുകള്, – മുതലായവയ്ക്ക് ധനസഹായം നൽകുന്നു.

3.വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ക്ഷീരകർഷകർക്ക് ആവശ്യമായ സാങ്കേതിക വിദ്യയുടെ കൈമാറ്റം കർഷകരി ലേയ്ക്ക് നേരിട്ട് എത്തിയ്ക്കുന്നതിന് ലക്ഷ്യമിടുന്നു.

വകുപ്പിൻറെ ബ്ലോക്ക്തല എക്സ്റ്റൻഷന് സർവ്വീസ് യൂണിറ്റുകള്, അഞ്ച് ക്ഷീരപരി ശീലന കേന്ദ്രങ്ങൾ, ജില്ലാതല ഗുണ നിയന്ത്രണ യൂണിറ്റുകൾഎന്നിവ മുഖേന ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും നടത്തുന്നു.

സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികള്, ക്ഷീര കർഷക സംഗമങ്ങള്, ഉപഭോക്തൃ മുഖാമുഖം പരിപാടികൾ, പാല് ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ അച്ചടി– ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേനയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥ ശില്പശാലകൾ, പരിശീലന പരിപാടികൾ, എന്നിവയ്ക്ക് നേതൃത്വം നൽകുന്നു.

ക്ഷീര പരിശീലനകേന്ദ്രങ്ങൾ മുഖേന ക്ഷീരകർഷകർക്കും ക്ഷീരസംഘം ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കും വിവിധ പരിശീലനങ്ങൾ നൽകുന്നു.

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഏറ്റവും കൂടുതൽ പാലളക്കുന്ന കർഷകന് ക്ഷീര സഹകാരി അവാർഡ് നൽകി ആദരിയ്ക്കുന്നു.

ക്ഷീര കർഷകർക്ക് ആവശ്യമായ വിവരങ്ങള് ലഭ്യമാക്കുന്നതിന് ബ്ലോക്ക്തല ക്ഷീര വികസന യൂണിറ്റുകളിൽ ഫാർമര് ഇൻഫർമേഷന് സെൻററുകള് നടത്തുന്നു.

പ്രകൃതി ക്ഷോഭം, കാലി രോഗങ്ങൾ തുടങ്ങിയ ആകസ്മിക ദുരന്തങ്ങൾമൂലം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരമെന്ന നിലയ്ക്ക് കണ്ടിജൻസി ഫണ്ട് അനുവദിയ്ക്കുന്നു.

4. കാലിത്തീറ്റ സബ്സിഡി

കൂടുതൽ കർഷകരെ ക്ഷീരസഹകരണ ശൃംഖലയുടെ കീഴില് കൊണ്ടുവരുക, നിലനിൽപ്പിനുള്ള തൊഴിലായി ക്ഷീര വികസനത്തെ നിലനിർത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവസംരഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങള്.

ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള സംഭരണം വർദ്ധിപ്പിയ്ക്കുന്നതിനായി ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന് കർഷകർക്ക് ക്ഷീര സംഘങ്ങളില് അളക്കുന്ന പാലിൻറെ അളവിനെ അടിസ്ഥാനപ്പെടുത്തി ധനസഹായം നൽകുന്നു. കാലിത്തീറ്റ സബ്സിഡി, ധാതുമിശ്രിതങ്ങളുടെയും വൈറ്റമിന് സപ്ലിമെൻറുകളുടെയും വിതരണം എന്നിവയുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

ഒരു കറവപ്പശുവിന് ഒരു മാസം 2 ചാക്ക് (100കിലോ) കാലിത്തീറ്റ 50% സബ്സിഡിയോടെ നൽകുന്ന പദ്ധതി. ഇപ്രകാരം ഒരു ക്ഷീര കർഷകന് ഒരു വർഷം നൽകുന്ന പരമാവധി സബ്സിഡി 10000/- രൂപ. അപേക്ഷാ ഫോറവും അനുബന്ധ രേഖകളും സംഘം മുഖേന ക്ഷീരവികസന ഓഫീസിൽ കർഷകര് സമർപ്പിക്കണം.

കർഷകര് സംഘങ്ങളില് അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് 4/- രൂപ നിരക്കിൽ പാലിന് സബ്സിഡി കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്ന പദ്ധതി വികേന്ദ്രീകൃതീസൂത്രണ പദ്ധതികള് പ്രകാരം പഞ്ചായത്തുകള് മുഖേനയും നടപ്പിലാക്കുന്നു.

<u>പാൽ ഗുണമേൻമ ഉറപ്പുവരുത്തൽ</u>

പാലിൻറെ ഗുണനിലവാരം ഉറപ്പാക്കല് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം അനിവാര്യ മാണ്. ഉൽപാദകർക്കും പാല് കൈകാര്യം ചെയ്യുന്ന ക്ഷീര സംഘങ്ങൾക്കും പാല് സുരക്ഷിതമായി കൈകാര്യം ചെയയ്ുന്നതിനായി ശാസ്ത്രീയഅവബോധം നൽകു ക, പരിശോധനാ ഉപകരണങ്ങൾ, ക്വാളിറ്റി കൺട്രോള്, ലാബുകൾ(ജില്ലാതലം, സം സ്ഥാനതലം) എന്നിവയുടെ സൗകര്യ മെച്ചപ്പെടുത്തുക, ഉത്സവകാലത്ത് പാൽ പരി ശോധന ഊർജ്ജിതമാക്കുക, എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. പാലിൻറെ രാസപരിശോധനയ്ക്ക് ആധുനിക ഉപകരണങ്ങളുള്ള ജില്ലാ ലാബോറട്ടറികളും തിരുവനന്തപുരത്തും ആലത്തുരും അത്യുനികസ്റ്റേറ്റ് ഡയറി ലാബുകളും പ്രവർത്തിയ്ക്കുന്നു.

ക്ഷീര സംഘങ്ങളുടെ നവീകരണം

പുതിയ ക്ഷീര സംഘങ്ങളുടെ രജിസ്ട്രേഷനും പ്രവർത്തനരഹിതമായവയുടെ പുനരുദ്ധാരണവും.

ആരോഗ്യകരമായ പാൽസംഭരണ മുറികളുടെ നിർമ്മാണവും പുനരുദ്ധാരണവും

ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിന് ആവശ്യാധിഷ്ഠിത ധനസഹായം

ക്ഷീര കർഷകർക്ക് വേണ്ടി സംഘങ്ങളില് ഫെസിലിറ്റേഷന് കം ഇൻഫർമേഷന് സെൻറര് സ്ഥാപിക്കുക

ഓട്ടോമാറ്റിക് പാൽസംഭരണ യൂണിറ്റുകള്, ഇൻഫർമേഷന് കിയോസ്ക്കുകള് എന്നിവ സ്ഥാപിയ്ക്കുക.

സംഘങ്ങളുടെ പാൽ സംഭരണം, സംസ്കരണം എന്നിവ ശക്തിപ്പെടുത്തുന്നതിനു ള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും സഹായം നൽകൽ.

ഓട്ടോമേഷനും ശൃംഖലാ സംവിധാനവും പരിപാലിച്ച് നിർത്തുന്നതിനും നിരീക്ഷിയ്ക്കുന്നതിനും ജില്ലാതല കൺസോർഷ്യത്തിനുള്ള ധന സഹായം

കേന്ദ്ര സഹായ പദ്ധതികൾ

തിരുവനന്തപുരം,കൊല്ലം, കാസറഗോഡ് എന്നീ ജില്ലകളിൽ ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി സംഘങ്ങളുടെ കമ്പ്യൂട്ടര് നെറ്റ് വർക്ക് രൂപീകരിയ്ക്കുന്നതിന് പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡില് ഉൾപ്പെടുത്തി പദ്ധതികള് നടപ്പിലാക്കിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന, നാഷണൽ മിഷന് ഫോര് പ്രോട്ടീന് സപ്ലിമെൻറ്, വയനാട്, ഇടുക്കി പാക്കേജുകൾ തുടങ്ങിയ വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

ക്ഷീര സംഭരണ- സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങള് ഊർജ്ജിതപ്പെടുത്തു ന്നതിന് എസ്.ഐ.ക്യു ആൻറ് സി.എം.പി ദേശീയ ക്ഷീര സംഭരമ പദ്ധതി കേന്ദ്ര ധന സഹായ പദ്ധതികൾ മേഖലാ യൂണിയനുകള് മുഖേനയും നടപ്പിലാക്കുന്നു.

ക്ഷീര കർഷകർക്ക് ക്ഷേമനിധി

സംസ്ഥാനത്തെ കർഷകർക്ക് പെൻഷന് നൽകാനും സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്താനുമാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. അംഗങ്ങളായ കർഷകർക്ക് പ്രസ്തുത സഹായങ്ങള് നൽകാന് ബോർഡിന് സർക്കാര് ഫണ്ട് നൽകുന്നു.

ക്ഷീര കർഷകർക്ക് മാസംതോറുമുള്ള ക്ഷേമ പെൻഷന് കൂടാതെ അവശതാ പെൻഷന്, കുടുംബ പെൻഷന്, വിവാഹ- വിദ്യാഭ്യാസ- മരണാനന്തര ധനസഹാ യങ്ങൾ എന്നിവയാണ് അംഗങ്ങൾക്കുള്ള പ്രധാന സഹായങ്ങൾ. ക്ഷീര സുരക്ഷാ പദ്ധതിയിലൂടെ

മാരക രോഗങ്ങളുടെ ചികിത്സയ്ക്കും തുടർചികിത്സയ്ക്കും ശസ്ത്ര ക്രിയക്കും കൂടാതെ പകർച്ച വ്യാധി, പാമ്പുകടി, പേ വിഷബാധ തുടങ്ങിയവയ്ക്കും ധന സഹായം നൽകുന്നു.

ബ്ലോക്കിനു കീഴിൽ വരുന്ന ക്ഷീര സംഘങ്ങളുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ക്ഷീര വികസന ഓഫീസും ഡയറി ഫാം ഇൻസ്ട്രക്ടറുമാണ്.

വ്യവസായ വികസന ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

I. സേവനങ്ങൾ/ അവസരങ്ങൾ

1. വ്യാവസായിക പരിശീലനങ്ങൾ

വ്യവസായ സംരംഭകത്വ വികസന പരിശീലനം(ഇ.ഡി.പി) തൊഴിലധിഷ്ഠിത പരിശീലനങ്ങൾ തുടങ്ങിയവ വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നു.

2. സാധ്യതാ റിപ്പോർട്ട്

വ്യവസായ സംരംഭകർ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾക്ക് സാധ്യതാ റിപ്പോർട്ടുകൾ (Feasibility Reports) തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ശുപാർശ ചെയ്യുന്നു.

3. ഉദ്യം രജിസ്ട്രേഷൻ

സൂക്ഷ്മ/ചെറുകിട/ഇടത്തരം വ്യവസായങ്ങൾക്ക് ഉൽപാദനം ആരംഭിച്ചതിന് ശേഷം ഉദ്യം രജിസ്ട്രേഷൻ നൽകുന്നു.

4. ഏകജാലക ക്ലിയറൻസ് ബോർഡ്/ ഗ്രീൻ ചാനല് കമ്മിറ്റി

വ്യവസായ/സേവന സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള ലൈസൻസുകള്/ ക്ലിയറൻസുകൾ എന്നിവ യഥാസമയം ലഭ്യമാക്കാന് സംസ്ഥാന/ജില്ലാതല ഏക ജാലക ക്ലിയറൻസ് ബോർഡുകൾ കാര്യക്ഷമമാണ്. ഇതിനായി ജില്ലാതലത്തില് ഗ്രീൻചാനൽ കമ്മിറ്റിയുടെ സേവനം ലഭ്യമാണ്.

5. വ്യവസായ സംരംഭകത്വ വികസന ക്ലബ്ബുകൾ

യുവജനങ്ങളിൽ വ്യവസായ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് പരിജ്ഞാനവും തന്ത്രങ്ങളും കലാലയങ്ങളിലൂടെയും സാങ്കേതിക വിദ്യാസ്ഥാപന ങ്ങളിലൂടെയും നൽകുന്നു.

6. വെബ് സൈറ്റ്

വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ് സൈറ്റ് www.keralaindustry.org ആണ്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പുതിയ വിവരങ്ങൾ ഈ വെബ് സൈറ്റിൽ ലഭ്യമാണ്.

7. വ്യവസായ കേരളം

വ്യവസായ സംരംഭകർക്ക് പ്രയോജനപ്പെടുന്ന ലേഖനങ്ങളും വാർത്തകളും ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ വകുപ്പ് പ്രസിദ്ധീകരിയ്ക്കുന്ന മാസികയാണ് വ്യവസായ കേരളം. ഒരു വർഷത്തേയ്ക്കുള്ള വരിസംഖ്യ 385 രൂപയാണ്.

8. കോമൺ ഫെസിലിറ്റി സർവ്വീസ് സെൻറുകൾ

റബ്ബർ, പ്ലാസ്റ്റിക് എന്നീ വിഭാഗങ്ങൾക്കായി കോട്ടയം ജില്ലയില് ചങ്ങനാശ്ശേരിയിലും മലപ്പുറം ജില്ലയിൽ മഞ്ചേരിയിലും എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കോമൺ ഫെസിലിറ്റി സർവ്വീസ് സെൻറുകൾ പ്രവർത്തിയ്ക്കുന്നു.

9. സംരംഭകർക്കായുള്ള ഗൈഡൻസ് സെൽ

സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഗൈഡൻസ് സെൽ ജില്ലാ വ്യവസായ കേന്ദ്രത്തില് പ്രവർത്തിച്ചുവരുന്നു.

10. ഹാൻറ് ഹോൾഡ് സർവ്വീസ്

സംരംഭകർക്ക് അവരുടെ വ്യവസായ യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിന് സഹായം നൽകുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിലെ ഓഫീസർമാർ ഹാന്റ് ഹോൾഡ് സർവ്വീസ് നൽകിവരുന്നു.

11. ഹെല്പ് ഡെസ്ക്

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി ഓഫീസുകളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്കുകൾ വഴി പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും BDSP (Business Development Service Provider) മാരുടെ സേവനം പ്രയോജനപ്പെടുത്താം

12. കെ-സ്വിഫ്റ്റ് അക്ലോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ്

50 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും സംസ്ഥാന മലിനീകരണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതു മായ ഏതൊരു എം.എസ്.എം.ഇ. സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വരുന്ന ചില അനുമതികൾ 3 വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ടുള്ളതാണ് കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ നിയമം. ഡെവലപ്മെന്റ് പെർമിറ്റ്, പ്ലിന്ത് ഏരിയ 20000 ചതുരശ്ര അടിയിൽ കൂടാത്തതും, ഉയരം 15 മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾക്കുള്ള ബിൽഡിംഗ് പെർമിറ്റ്, ലേ ഔട്ട് അനുമതി, ഫാക്ടറികളും യന്ത്രസാമഗ്രികളും സ്ഥാപിക്കാനുള്ള അനുമതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ്, എന്നിവ 3 വർഷത്തേക്ക് ഒഴിവാക്കപ്പെട്ട അനുമതികളിൽ ചിലതാണ്. കെസിഫ്റ്റ് പോർട്ടലിലൂടെ മൊബൈൽ നമ്പർ, ഇമെയിൽ വിലാസം എന്നിവ രജിസ്റ്റർ ചെയ്ത് ആർക്കും ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് അനുമതിപത്രം(അക്ലോളഡ്ജ്മെന്റ് സർട്ടിഫ്ക്കറ്റ്) ഉടൻ ലഭ്യമക്കുന്നതിന് ഇത് വഴി സംരംഭകന് സാധിക്കും. മൂന്ന് വർഷം കഴിഞ്ഞ് 6 മാസത്തിനുള്ളിൽ മേൽപറഞ്ഞ അനുമതികൾ ലഭ്യമാക്കിയാൽ മതിയാവും. ഇക്കാലയളവിൽ വ്യവസായ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധന നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്. അക്ലോളജ്മെന്റ് സർട്ടിഫിക്കറ്റിന്റെ നമ്പർ, പ്രസ്തുത സർട്ടിഫിക്കറ്റിന്റെ കാലയളവിൽ സ്ഥാപനത്തിന്റെ

താൽക്കാലിക കെട്ടിട നമ്പറായി പരിഗണിക്കാം എന്ന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സൌജന്യമായി ടി രജിസ്ട്രേഷൻ ചെയ്തുകൊടുക്കുന്നു.

II. സാമ്പത്തികാധിഷ്ഠിത പദ്ധതികൾ

1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിന് കെട്ടിടവും സ്ഥലവും

മിനി വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വികസന പ്ലോട്ടുകൾ എസ്റ്റേറ്റുകൾ എന്നിവയിൽ ലഭ്യതയനുസരിച്ച് സ്ഥലം, കെട്ടിടം എന്നിവ ഹയർ പർച്ചേസ്/ മൊത്തം വില നൽകി വാങ്ങാവുന്നതാണ്

2. സംരംഭകർക്ക് സഹായ പദ്ധതി

സ്ഥിരം നിക്ഷേപത്തിൻറെ (സ്ഥലം,കെട്ടിടം, യന്ത്രസാമഗ്രികൾ മുതലായവ) 15% (പരമാവധി 30 ലക്ഷം രൂപ വരെ) എല്ലാ ചെറുകിട വ്യവസായ യൂണിറ്റുകൾക്കും സബ്സിഡി നൽകും. പട്ടികജാതി പട്ടികവർഗ്ഗം, വനിതകൾ, യുവസംരംഭകർ, എൻ.ആർ.കെ എന്നിവർക്ക് 25 ശതമാനം (പരമാവധി 40 ലക്ഷം രൂപ വരെ) സബ്സിഡി നൽകുന്നു.. കൂടാതെ മുൻഗണന വിഭാഗത്തിൽപെടുന്ന വ്യവസായങ്ങൾക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ വരെ),

3. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്

ഉൽപ്പാദന മേഖലയിലും സേവന മേഖലയിലും ആകെ മുതൽ മുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരഭങ്ങൾക്ക് സഹായം ലഭിക്കും . വായ്പാ ബന്ധിത പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ 30 മുതല് 40 വരെ ശതമാനം വരെ ഗവൺമെന്റ് സബ്സിഡിയായി നൽകുന്നു.

4. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (**PMEGP**)

തൊഴിൽ രഹിതർക്ക് ബേങ്ക് മുഖാന്തിരം വായ്പ ലഭ്യമാക്കി പുതിയ സംരഭങ്ങൾ ഈ പദ്ധതി പ്രകാരം തുടങ്ങാവുന്നതാണ്. ഉൽപ്പാദന വ്യവസായങ്ങൾക്ക് 50 ലക്ഷം രൂപ വരെയും സേവന സംരംഭങ്ങൾക്ക് 20 ലക്ഷം രൂപവരെയുമാണ് പരമാവധി പദ്ധതി ചെലവ്. പദ്ധതി ചെലവിൻറെ 90 മുതല് 95 വരെ ശതമാനം വായ്പയായി അനുവദിയ്ക്കുകയും 15 മുതൽ 35 ശതമാനം വരെ ഗവൺമെൻറ് സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

5. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസസ് (PMFME)

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത് സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലെ സംരഭങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായം –സ്ഥിര മൂലധന നിക്ഷേപത്തിന്റെ 35 % പരമാവധി 10 ലക്ഷം രൂപ സബ്സിഡി നൽകുന്നു. പൊതു അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം – FPOs/ സ്വാശ്രയ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/ പ്രൊഡ്യൂസർ കോ ഓപ്പറേറ്റീവ്സ്/സർക്കാർ ഏജൻസികൾ എന്നിവർക്ക് പദ്ധതി വിഹിതത്തിന്റെ 35% പരമാവധി 3 കോടി രൂപ വരെ സഹായം.

6. ഒരു കുടുംബം ഒരു സംരഭം പദ്ധതി (OFOE)

ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരഭങ്ങൾക്ക് പലിശയിൻമേൽ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി. ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരഭങ്ങൾക്കും 10 ലക്ഷം രൂപവരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ, പ്രവർത്തന മൂലധന വായ്പ) 5 വർഷത്തേയ്ക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്.

7. MSME ഇൻഷൂറൻസ് പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരഭങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷൂർ ചെയ്തിട്ടുള്ള സംരഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക പരമാവധി 5000 രൂപ സബ്സിഡി നൽകുന്നു.

8. പരമ്പരാഗത തൊഴിലാളി സംരംഭക സഹായ പദ്ധതി (**ആശ**)

ഉൽപ്പാദന പ്രവർത്തനം ആരംഭിച്ച് യു.എ.എം., ആർട്ടിസാൻ ലൈസൻസ് എന്നിവ ലഭിച്ച സംരംഭങ്ങൾക്ക്. യൂണിറ്റ് ഉൽപ്പാദനം ആരംഭിച്ച് ആറ് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെട്ടിടം, മെഷിനറികൾ, പണിയായുധങ്ങൾ, വൈദ്യുതീകരണം എന്നിവയുടെ മുതൽ മുടക്കിന്റെ 40% പരമാവധി 2 ലക്ഷം വരെ പൊതുവിഭാഗക്കാർക്കും 50% പരമാവധി 3 ലക്ഷം വരെ മുൻഗണനാ വിഭാഗക്കാർക്കും സബ്സിഡി അനുവദിക്കും.

9. സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ സ്കെയിൽഅപ്പ് ചെയ്യുന്നതിനുള്ള പദ്ധതി (Mission 1000)

പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള പദ്ധതി. ഉത്പാദന മേഖലയിലോ സേവന മേഖലയിലോ ഏർപ്പെട്ടിരിക്കുന്ന എല്ലാ യൂണിറ്റുകൾക്കും അപേക്ഷിക്കാം. വിപുലീകരണത്തിന്റെ ഭാഗമായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ സഹായം. വിപുലീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 2 കോടി രൂപ വരെ സഹായം. ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പ്രവർത്തന മൂലധന വായ്പ എടുക്കുന്ന സംരംഭങ്ങൾക്ക് ആദ്യ 4 വർഷത്തേക്ക് 50% പരമാവധി 50 ലക്ഷം രൂപ വരെ പലിശ സബ്സിഡി നൽകും.

10. സ്വകാര്യ വ്യവസായ പാർക്കുകൾ

സ്വകാര്യ ഉടമസ്ഥതിയലുള്ള ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി ലഭ്യമാക്കി അത് വഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു. 10 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള പ്ലോട്ടുകളിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനുള്ള അനുമതി. 5 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്കുള്ള അനുമതി. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനു 3 കോടി രൂപ വരെ ധനസഹായം നൽകുന്നു. വികസിപ്പിക്കുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കുന്നു.

11. വിപണന സഹായം

സംസ്ഥാനത്തെ സൂക്ഷ്മ – ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ വിപണന പ്രവർത്തനങ്ങൾ ക്കായും കരകൗശല, ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ

വിപണനം പ്രോത്സാഹിപ്പിയ്ക്കുന്നതിൻറെ ഭാഗമായും വിവിധ പ്രദർശന വിപണന മേളകൾ എന്നിവ നടത്തിവരുന്നു.

ഓഫീസ് വിലാസം:

ബ്ലോക്ക്	താലൂക്ക്	ജില്ലാ ഓഫീസ്
വ്യവസായ വികസന ഓഫീസർ, വേങ്ങര ബ്ലോക്ക് പഞ്ചായത്ത്, 676304 ഫോൺ – 9188127173 ഇ.മെയിൽ:ieovengara@gmail.com	ഉപജില്ലാ വ്യവസായ ഓഫീസർ, തിരൂരങ്ങാടി താലൂക്ക് വ്യവസായ ഓഫീസ്, വേങ്ങര ഫോൺ – 8921358781 ഇ.മെയിൽ: tiovengara@gmail.com	ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം 676505 ഫോൺ – 048302734812, 2734895, 2737405 ഇ മെയിൽ : dicmlp@yahoo.in

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് സാമൂഹികാരോഗ്യകേന്ദ്രം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ഒ.പി ചികിത്സ

ആശുപത്രയിൽ വരുന്ന രോഗികൾക്ക് 10 രൂപ നിരക്കിൽ ഒ.പി ടിക്കറ്റ് ചാർജ്ജ് ഈടാക്കി ഡോക്ടറുടെ സേവനവും മരുന്നുകളും ലഭ്യമാക്കുന്നു.

2.ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള രോഗ പ്രധിരോധ കുത്തിവെയ്പ്പുകൾ

ആശുപത്രിയിലും ഫീൽഡ് തലത്തിലും രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ സൗജന്യ മായി നൽകുന്നു.

3. എഫ്.ഐ.സി.ടി.സി ക്ലിനിക്

ആശുപത്രിയിലെത്തുന്ന രോഗികൾക്ക്- ഗർഭിണികൾ, ക്ഷയരോഗികൾ മുതലായവർ- HIV രോഗ നിർണ്ണയത്തിൻറെ ഭാഗമായി ലബോറട്ടറി പരിശോധനകൾ , HIV പോസിറ്റീവ് കേസുകൾക്ക് തുടര് ചികിത്സ, കൗൺസലിംഗ്, റഫറൻസ് എന്നിവ നൽകുന്നു.

4. ലാബ് ടെസ്റ്റുകൾ

രോഗികൾക്ക് മലമ്പനി, പ്രമേഹം, എച്ച്.ബി തുടങ്ങിയ ലബോറട്ടറി പരിശോധനകള് ചെയ്ത നൽകുന്നു.

5. എൻ.സി.ഡി ക്ലിനിക്കുകൾ

നോൺ കമ്മ്യൂണിക്കേബിൾ ഡിസീസസ് അധവാ പകർച്ചവ്യാധികളല്ലാത്ത ജീവിത ശൈലീ രോഗങ്ങൾക്കുള്ള ചികിത്സ ലഭ്യമാക്കുന്നു. ബ്ലഡ് പ്രഷർ, ഷുഗർ, കൊളസ്ട്രോൾ പൊണ്ണത്തടി , തുടങ്ങിയവയെല്ലാം ഈ ഗണത്തിൽപ്പെടുന്നു.

6. പാലിയേറ്റീവ് ഒ.പി

പരിരക്ഷ പദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് പാലിയേറ്റീവ് പരിചരണം നൽകുന്നു.

7. ആർ.എൻ.ടി.സി.പി (ക്ഷയരോഗ ചികിത്സ)

ക്ഷയരോഗ നിർണ്ണയവും ചികിത്സയും ലഭ്യമാക്കുന്ന പദ്ധതി. ഫീൽഡ് ജീവനക്കാരും സ്റ്റാഫ് നേഴ്സുമാരും ഉൾപ്പെടുന്ന ടീം രോഗികളുടെ തുടർ ചികിത്സ ഉറപ്പുവരുത്തുന്നു.

8. കാഴ്ച പരിശോധന

കാഴ്ചാ വൈകല്യമോ മറ്റ് തരത്തിലുള്ള കണ്ണ് രോഗങ്ങളോ ഉള്ളവർക്ക് മെഡിക്കൽ ഓഫീസർ, ഒപ്ടോമെട്രിസ്റ്റ് എന്നിവർ പ്രാഥമിക നേത്ര പരിശോധന നടത്തുന്നു.

9.മെഡിക്കൽ സർട്ടിഫിക്കറ്റ്.

മെഡിക്കല് സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർക്ക് ആരോഗ്യ പരിശോധന നടത്തി മെഡിക്ക ല് സർട്ടിഫിക്കറ്റ് നൽകുന്നു.

10. മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്

ജോലി സംബന്ധമോ അല്ലാതെയോ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർക്ക് ആരോഗ്യ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകുന്നു.

11. സാനിട്ടറി സർട്ടിഫിക്കറ്റ്

പൊതുജനാരോഗ്യ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സാനിട്ടറി സർട്ടിഫിക്കറ്റുകൾ നൽകുന്നു.



ഹൃദയ പൂർവ്വം ...

വിഭിന്നമായ ആശയങ്ങളും
അഭിപ്രായങ്ങളും
കാഴ്ചപ്പാടുകളുമുള്ള ഈ ലോകത്ത്
സഹിഷ്ണത എന്നത് ഒരലങ്കാരമല്ല .. ആയുധമാണ് .

പൗരന്റെ അവകാശങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തുന്ന ഒരു ചെറു വെല്ലുവിളിയെപ്പോലും അടർത്തിമാറ്റേണ്ടത് മനുഷ്യത്വമുള്ള ഓരോരുത്തരുടെയും കടമയാണ് . അതിനായി നിർമ്മിക്കപ്പെട്ട നിയമ സംഹിതകളെയും ബ്ലോക്ക് പഞ്ചായത്തുവഴിയും അനുബന്ധ സ്ഥാപനങ്ങൾ വഴിയും ലഭ്യമാക്കുന്ന സേവനങ്ങളെയും പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ കൈപ്പുസ്തകം സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിന് വേണ്ടി പ്രയത്നിച്ച ഓരോരുത്തരെയും സ്നേഹപൂർവ്വം സ്മരിയ്ക്കുന്നു. ഈ ഉദ്യമത്തിന് എല്ലാ പിന്തുണയും നൽകിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. അനീഷ് , ബ്ലോക്ക് പഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെയും ഓർമ്മിയ്ക്കുന്നു ...

കടപ്പാടിന്റെ സ്നിഗ്ധത നന്ദി എന്ന രണ്ടക്ഷരങ്ങളിൽ ഒതുക്കുന്നില്ല. പകരം ഉള്ളിലെ കിനാക്കൂട്ടങ്ങളിൽ ഞങ്ങളത് സൂക്ഷിച്ചു വെയ്ക്കുന്നു ....

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് വേണ്ടി

സ്നേഹാദര പൂർവ്വം ...

പ്രസിഡണ്ട് : പാണ്ടിക്കടവത്ത് അബൂതാഹിർ

വൈസ് പ്രസിഡണ്ട് : ജൂസൈറ മൻസൂർ

Printed & Published by : Secretary Block Panchayat, Vengara, 0494 – 2450 283